# ബുദ്ധൻ

### അദ്ധ്യായം ഒന്ന്

# ശാക്യമുനി ബുദ്ധൻ

## I

## ശ്രീ ബുദ്ധന്റെ ജീവചരിത്രം

1. നൂറ്റാണ്ടുകൾക്കുമുമ്പ് ശാക്യവംശം എന്ന പേരിൽ ഒരു രാജവംശം ഹിമാലയത്തിന്റെ പാർശ്വ മലനിരകളിൽ രോഹിണി നദിയുടെ തീരത്ത് സ്ഥിതിചെയ്തിരുന്നു. അവരുടെ രാജാവ് സുദ്ധോദന ഗൗതമ ധർമമിഷ്ടനും പ്രജാക്ഷേമ തല്പരനുമായിരുന്നു. അദ്ദേഹം കപിലവാസ്തു തലസ്ഥനമാക്കി സ്ഥിതിചെയ്തിരുന്ന തന്റെ കൊട്ടാരത്തിൽനിന്ന് ഭരണം സ്തുത്യർഹമായി നിർവഹിച്ചുപോന്നു.

മഹാറാണി മായാദേവി ശാക്യവംശത്തിൽതന്നെ പിറന്നവളും സുദ്ധോദന ഗൗതമ രാജാവിന്റെ മാതുലനായ അയൽരാജ്യത്തെ രാജാവിന്റെ പുത്രിയുമാണ്.

ദാമ്പത്യത്തിന്റെ ആദ്യ ഇരുപത്തഞ്ചു വർഷം അവർക്ക് സാന്താനഭാഗ്യമുണ്ടായില്ല. എന്നാൽ പെട്ടെന്ന് ഒരുദിവസം രാജ്ഞി മായാദേവിക്ക് വിശേഷമായ ഒരു സ്വപ്നമുണ്ടായി. സ്വപ്നത്തിൽ ഒരു വെളുത്തനിറമുള്ള ആന അവരുടെ മാറിലൂടെ ഗർഭപാത്രത്തിൽ കയറുന്നതായും അതിലൂടെ അവർ ഗർഭം ധരിക്കുന്നതായും കണ്ടു. ആ സ്വപ്നം യഥാർത്ഥമായിഭവിച്ചു. ആഹ്ലാദഭരിതരായ രാജാവും പ്രജകളും ആ രാജകുമാരന്റെ തിരുപിറപ്പിനായി കാത്തിരുന്നു. ശാക്യപരമ്പര്യമനുസരിച്ച് ആദ്യശിശുവിന്റെ ജനനം മാതൃ ഗൃഹത്തിൽ അകണമെന്നായതിനാൽ രാജ്ഞിയും പരിവാരങ്ങളും വസന്തകാലത്തിലെ ഒരു പ്രഭാതത്തിൽ സ്വഗൃഹത്തിലേയ്ക്കു യാത്രയായി. വഴി മദ്ധ്യേ ലുമ്പിനി ഉദ്യാനത്തിന്റെ അരുകിൽ ഒരു ശീതളഛായയിൽ ക്ഷീണം തീർക്കുന്നതിനായി ആ സംഘം അല്പം വിശ്രമിച്ചു.

ചുറ്റും അശോക മരങ്ങൾ പുഷ്പിച്ചിരുന്നു.
അശോകമരത്തണലിരുന്നുകൊണ്ട് ഏതോ അസുലഭ അനുഭൂതിയിൽ സ്വയം മറന്ന് മായാദേവി ഒരു പുഷ്പത്തെ തലോടുവാനായി തന്റെ കൈകൾ ഒരു മരശാഖയെ ലക്ഷ്യമാക്കി ഉയർത്തി. ആ ധന്യനിമിഷത്തിൽ അവളുടെ ഉദരത്തിൽ നിന്ന് ഒരു കുഞ്ഞ് ഭൂജാതനായി. ആ കുട്ടിയുടെ ജനനത്തിൽ രാജാവും പ്രജകളും വളരെ സന്തോഷിച്ചു. എല്ലാവരും സന്തോഷത്താലും ആനന്ദത്താലും ഉൽകൃഷ്ടരായി. ഭൂമിയും ആകാശവും ആ ആഘോഷത്തിൽ പങ്കുചേർന്നു. ആ ചരിത്രപ്രധാനമായ ദിവസം ചിത്തിര മാസത്തിലെ പൗർണമി ദിവസം ആയിരുന്നു. (ഏപ്രിൽ മാസത്തിലെ എട്ടാം തിയെതി)

രാജാവ് കുമാരനെ ''സകല ആഗ്രഹങ്ങളുടേയും പൂർത്തീകരണം'' എന്നർത്ഥം വരുന്ന 'സിദ്ധാർഥ' എന്ന പേരിൽ നാമകരണം ചെയ്തു.

2. രാജാവിന്റെ ജീവിതത്തിലും കൊട്ടാരത്തിലും ഈ സന്തോഷത്തെ തുടർന്ന് വളരെ ദുഃഖദായകമായ ഒരു സംഭവം നടന്നു. മഹാറാണി മായാദേവി വളരെപ്പെട്ടെന്ന് ഇഹലോകവാസം വെടിഞ്ഞു. അവരുടെ ഇളയസഹോദരി മഹാപ്രജ്ഞാപതി കുമാരന്റെ മാതൃസ്ഥാനം സന്തോഷത്തോടെ ഏറ്റെടുത്തു.

അസ്സിദാ എന്നുപേരുള്ള ഒരു സന്യാസി കൊട്ടാരത്തിൽ പെട്ടെന്നു വന്ന മാറ്റങ്ങൾ സസൂക്ഷ്മം വീക്ഷിച്ചുകൊണ്ടിരുന്നു. ആ മഹർഷി രാജകുമാരന്റെ പിറവിയെ വളരെ നല്ല ശുഭകരമായ സംഭവമായി വിശേഷിപ്പിച്ചു. മഹർഷി അത് ഇങ്ങനെ വിവരിച്ചു: ''ഈ രാജകുമാരൻ രാജ്യകാര്യങ്ങളിൽ വ്യാപൃതനാകുകയാണെങ്കിൽ, വളർന്നു വരുമ്പോൾ, ഒരു വലിയ രാജ്യത്തിന്റെ ചക്രവർത്തിയാകുകയും, ഈ ലോകത്തെതന്നെ തന്റെ അധീനതയിലാക്കുകയും ചെയ്യും; മറിച്ച്, ഈ കുമാരൻ സന്യാസജീവിതം സ്വീകരിക്കുകയും കൊട്ടാരജീവിതം അവസാനിപ്പിക്കുകയും ചെയ്യുകയാണെങ്കിൽ, ഇവൻ ജ്ഞാനം സിദ്ധിച്ച് ബുദ്ധനാകുകയും ഈ ലോകത്തെ രക്ഷിക്കുകയും ചെയ്യും.''

ആദ്യം മഹാരാജാവ് ഈ പ്രവചനത്തിൽ അതീവ സന്തുഷ്ടനാകുകയും മതിമറന്ന് സന്തോഷിക്കുകയും ചെയ്തു. എന്നാൽ പ്രവചനത്തിന്റെ മറുവശമായ സന്യാസജീവിതം കുമാരൻ സ്വീകരിക്കുന്നതിനെക്കുറിച്ചുള്ള ചിന്ത അദ്ദേഹത്തെ തെല്ലു വ്യാകുലനാക്കി.

**ശാക്യമുനി ബുദ്ധൻ**

എഴാം വയസ്സിൽ തന്നെ രാജകുമാരൻ വളരെ സമർത്ഥമായി ആയോധന കലയും സാമൂഹ്യശാസ്ത്രവും പഠിക്കുവാനാരംഭിച്ചു. പക്ഷെ, സാവധാനം അവന്റെ ചിന്ത തന്റെ ചുറ്റുപാടുമുള്ള ജീവിതസംബന്ധിയായ കാര്യങ്ങളിലേയ്ക്ക് തിരിഞ്ഞു. ഒരു ശരത്കാല ദിവസം അവൻ പിതാവുമൊത്ത് കൊട്ടാരത്തിനു വെളിയിൽ നടക്കുവാൻ പോയി. ആ വേളയിൽ കുമാരന്റെ ശ്രദ്ധ പറന്നുവരുന്ന പക്ഷിയിലേയ്ക്കു തിരിഞ്ഞു. അവൻ അതിനെ സസൂക്ഷ്മം വീക്ഷിച്ചു. ആ പക്ഷി കർഷകൻ ഉഴുതു മറിച്ചിട്ടുകൊണ്ടിരുന്ന പാടത്തിൽ നിന്ന് ഒരു ചെറിയ മണ്ണിരയെ കൊത്തിയെടുത്തുകൊണ്ടു പോകുന്നതു കണ്ടു. അതുകണ്ട രാജകുമാരൻ ഗാഢചിന്തയിലാഴുകയും, ഒരു മരചുവട്ടിൽ ഇരുന്ന് ജീവിതത്തിൽ നടക്കുന്ന ഈ പ്രതിഭാസത്തെക്കുറിച്ച് ഇങ്ങനെ ചിന്തിച്ചു:

‘ ലോകത്തിലുള്ള എല്ലാജീവജാലങ്ങളും അന്യോന്യം കൊല്ലുമൊ?’

സ്വന്തം മാതാവിനെ വളരെ ചെറിയ പ്രായത്തിൽ നഷ്ടമായ രാജകുമാരൻ പ്രകൃതിയിൽ സ്വാഭാവികമായി നടക്കുന്ന ഇത്തരം സംഭവങ്ങൾ കണ്ട് വ്യാകുലചിത്തനായി.

അത്തരം സന്ദർഭങ്ങളിൽ നിന്നുളവാകുന്ന ആത്മീയവേദന അവന്റെ മനസ്സിനെ ദിവസം ചെല്ലും തോറും ശല്യപ്പെടുത്തിക്കൊണ്ടിരുന്നു; ഒരു ചെറിയ മരത്തിന് സംഭവിക്കുന്ന നിസ്സാരമായ ക്ഷതം മുതൽ മനുഷ്യ ജീവിതത്തിന്റെ നാനാവിധങ്ങളായ ദുഃഖങ്ങളെക്കുറിച്ചുള്ള ചിന്ത അവന്റെ മനസ്സിനെ തീവ്രമായി അലട്ടിക്കൊണ്ടിരുന്നു.

രാജകുമാരനിൽ വന്ന ഇത്തരം മാറ്റങ്ങളും അസദ മഹർഷിയുടെ പ്രവചനവും മഹാരജാവിനെ വളരെ വ്യാകുല ചിത്തനാക്കി. അദ്ദേഹം അവനെ ലൗകിക ജീവിതത്തിന്റെ പാതയിൽ കൊണ്ടുവരുവാനും ആ സുഖങ്ങൾ ആസ്വദിക്കുവാനും പ്രേരിപ്പിച്ചു. അതിന്റെ തുടർച്ചയായി രാജകുമാരന് പത്തൊൻപതു വയസുള്ളപ്പോൾ യശോധയെന്ന പേരുള്ള രാജകുമാരിയുമായി വിവാഹം നിശ്ചയിച്ചു. അവൾ ദെവദാഹ കൊട്ടാരത്തിന്റെ അധിപനും, മഹാറാണി മായാദേവിയുടെ സഹോദരനുമായ സുപ്രബുദ്ധന്റെ പുത്രിയുമായിരുന്നു.

3. തുടർന്നുവന്ന പത്തുവർഷം രാജകുമാരൻ വിവിധ വിനോദങ്ങളിൽ ഏർപ്പെടുകയും ജീവിതത്തിന്റെ സുഖലോലുപതകളിൽ മുഴുകുകയും ലൗകികജീവിതവുമായി ഇഴുകിച്ചേരുവാൻ ആത്മാർത്ഥമായി ശ്രമിക്കുകയും ചെയ്തു, എന്നിരുന്നാലും, രാജകുമാരന്റെ മനസ്സ് മനുഷ്യജീവിതത്തെക്കുറിച്ചും ജീവിതദുഃഖങ്ങളെക്കുറിച്ചും അത്യന്തം വ്യസനിക്കുകയും, വ്യാകുലപ്പെടുകയും ആ ചിന്തയിൽ പലപ്പോഴും ഗാഢമായി വ്യാപൃതനാകുകയും ചെയ്യുമായിരുന്നു. അദ്ദേഹത്തിന്റെ ജ്ഞാനതൃഷ്ണ ജീവിതത്തിന്റെ യഥാർത്ഥ അർത്ഥത്തെ മനസ്സിലാക്കുവാൻ കഠിനശ്രമം നടത്തികൊണ്ടിരുന്നു.

രാജകുമാരൻ ചിലപ്പോൾ അതിനെക്കുറിച്ച് തീവ്രമായി ചിന്തിച്ചു: ''കൊട്ടാരത്തിലെ സുഖജീവിതം, തന്റെ യൗവനയുക്തമായ ശരീരം, ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് ഒഴുകി നിങ്ങുന്ന ലൗകിക വസ്തുക്കളുടെയും സന്ദർഭങ്ങളുടെയും പരമ്പര! ഇതെല്ലാം എന്തർത്ഥമാണ് വെളിവാക്കുന്നത്, അവയ്ക്ക് ഏതെങ്കിലും വിധത്തിൽ നിരന്തരമായി നിലനില്പുണ്ടോ? ഒരുദിവസം നാം എല്ലാവരും രോഗികളാകും, എല്ലാവരേയും വാർദ്ധക്യം ബാധിക്കും; മരണത്തിൽ നിന്ന് ആർക്കും മോചനമില്ല. അതുകൊണ്ട് തുടിക്കുന്ന നിത്യയൗവനത്തെ നിരന്തരമാക്കാനുള്ള അമിതാഗ്രഹവും, സ്വന്തം ശേഷിയെക്കുറിച്ചുള്ള അഹന്തയും ജീവിതസൗകര്യങ്ങളെക്കുറിച്ചുള്ള അഭിമാനവും മറ്റും ചിന്തിക്കുന്ന ആളുകൾ ഉപേക്ഷിക്കണം.''

''നിലനിൽപിനുവേണ്ടി പരിശ്രമിക്കുന്ന ഒരു മനുഷ്യൻ എന്തെങ്കിലും മൂല്യമുള്ള വസ്തുക്കളെ തിരഞ്ഞുകൊണ്ടിരിക്കും. ഈ തിരച്ചിൽ രണ്ടുവിധത്തിലുണ്ട്: ഒന്ന് സുഖത്തിന്റെ മാർഗ്ഗത്തിലേയ്ക്കും മറ്റൊന്ന് ദുഖഃത്തിന്റെ മാർഗ്ഗത്തിലേയ്ക്കും ചരിക്കുന്ന വസ്തുക്കളാണ്. അവൻ ദുഃഖത്തിന്റെ മാർഗത്തെപ്പറ്റിയും, ദുഃഖമുണ്ടാക്കുന്ന വസ്തുക്കളെപ്പറ്റിയും അറിഞ്ഞിരുന്നാൽ, രോഗം, വാർദ്ധക്യം, മരണം എന്നിവ ജീവിതത്തിന്റെ അനിവാര്യഘടകങ്ങളാണെന്നു മനസ്സിലാക്കി പ്രവർത്തിക്കും; എന്നാൽ മറിച്ച് സാധാരണയായി അവൻ എപ്പോഴും സുഖത്തിന്റെ മാർഗ്ഗത്തെയും അവയുണ്ടാക്കാൻ സാധ്യതയുണ്ടന്ന് തോന്നുന്നതുമായ വസ്തുക്കളെ തിരഞ്ഞെടുക്കുകയും ചെയ്യുന്നു.''

''മനുഷ്യൻ ശരിയായ മാർഗ്ഗത്തിൽ ശരിയായ രീതിയിൽ ചിന്തിക്കുകയാണെങ്കിൽ അവന് രോഗത്തിന്റെയും, വാർദ്ധക്യത്തിന്റെയും, മരണത്തിന്റെയും മറ്റും ശരിയായ കാരണങ്ങൾ മനസ്സിലാകും; മാത്രമല്ല അവൻ ജീവിതദുഃഖങ്ങൾ മറികടക്കുന്നതിനുള്ള വഴികൾ സ്വയം അന്വേഷിച്ച് കണ്ടുപിടിയ്ക്കും. എന്നാൽ അവൻ തന്റെ ആനന്ദകരമായ ജീവിതത്തിനിടയ്ക്ക്, ദുഃഖമുളവാക്കാവുന്ന അത്തരം ദുഃഖമാർഗ്ഗത്തെക്കുറിച്ചുള്ള ചിന്തകളെ, മാറ്റിനിർത്തുവാൻ ശ്രമിക്കുന്നു.''

4. ഇത്തരത്തിലുള്ള ആത്മീയ സംഘർഷങ്ങൾ രാജകുമാരന്റെ മനസ്സിൽ

ഒരു പുത്രൻ ജനിക്കുന്നതുവരെ നിരന്തരമായി അലതല്ലിയിരുന്നു. രാജകുമാരന് ഇരുപത്തൊമ്പതു വയസുള്ളപ്പോൾ രാഹുലൻ എന്ന പേരിൽ ഒരു പുത്രൻ ജനിച്ചു. ഇത് സിദ്ധാർത്ഥരാജകുമാരന്റെ ജീവിതത്തിൽ ഒരു വലിയ വഴിത്തിരിവയി. അദ്ദേഹം തന്റെ ആത്മസംഘർഷങ്ങൾക്ക് ഒരു പരിഹാരമെന്ന നിലയിൽ ലൗകികജീവിതം അവസാനിപ്പിച്ച് സന്യാസജീവിതം തിരഞ്ഞെടുക്കുവാൻ തീരുമാനിച്ചു. ഒരുദിവസം രാത്രി തന്റെ പ്രിയപ്പെട്ട വെളുത്ത കുതിര കൻദകയെയും തേരാളിയായ ചണ്ഡകനേയും കൂട്ടി കൊട്ടാരം വിട്ടു. അത് മറ്റൊരു ജീവിതത്തിന്റെ ആരംഭമാകാൻ നിമിത്തമായി.

രാജകുമാരന്റെ മനസ്സ് പല പ്രലോഭനങ്ങൾക്കും വിധേയമായി സാത്താൻ അവനോട് ഉപദേശിച്ചു: ''നീ കൊട്ടാരത്തിലേയ്ക്ക് തിരിച്ചുപോകുകയാണെങ്കിൽ ഈ ലോകം മുഴുവനും അതിന്റെ സർവഅധികാരങ്ങളും ഈ നിമിഷം തന്നെ ഞാൻ നിനക്ക് അധിനിവേശപ്പെടുത്തി തരാം.'' പക്ഷെ, സിദ്ധാർത്ഥൻ ആ ഉപദേശം തിരസ്കരിക്കുകയും, സാത്താനോട് സന്യാസം സ്വീകരിക്കുവാനുള്ള തന്റെ തീരുമാനം ഉറച്ചതാണെന്ന് നിസ്സംശയം പ്രഖ്യാപിക്കുകയും ചെയ്തു. അതിനുശേഷം അവൻ തന്റെ തലമുണ്ഡനം ചെയ്ത് ഒരു ഭിക്ഷാപാത്രവുമെടുത്ത് തെക്കുദിശയെ ലക്ഷ്യമാക്കി യാത്രയായി.

ഭാഗവാ എന്നു പേരുള്ള ഒരു സന്യാസിയേയാണ് രാജകുമാരൻ ആദ്യം കണ്ടത്. അദ്ദേഹത്തിന്റെ താപസ പരിശീലനരീതി മനസ്സിലാക്കിയ ശേഷം സിദ്ധാർത്ഥൻ അരദ കളാമാ എന്നും ഉദഹ രാമപുത്ര എന്നും പേരുകളുള്ള രണ്ടു സന്യാസിമാരെ സമീപിച്ച് ധ്യാനം പഠി ക്കുവാനുള്ള തന്റെ ആഗ്രഹം പ്രകടിപ്പിച്ചു, അതിനെതുടർന്ന് കുറച്ചുകാലം അവരിൽ നിന്ന് വിവിധ ധ്യാനമാർഗ്ഗങ്ങൾ അഭ്യസിച്ചു. അത്തരംധ്യാന മാർഗ്ഗങ്ങിൽ നിന്നൊന്നും തന്റെ ചോദ്യങ്ങൾക്കു വ്യക്തമായ മറുപടി ലഭിക്കുകയില്ലായെന്നു മനസ്സിലാക്കിയ സിദ്ധാർത്ഥൻ അവിടെനിന്നും വീണ്ടും മറ്റൊരു ദിശയെ ലക്ഷ്യമാക്കി പുറപ്പെട്ടു. അവസാനം അവൻ മഗധ എന്ന രാജ്യത്ത് സ്ഥിതിചെയ്തിരുന്ന ഉരുവില്വാ എന്ന വനത്തിൽ തപസ്സനുഷ്ഠിക്കുവാൻ തുടങ്ങി. ആ വനം നിരഞ്ചനാ നദിയുടെ തീരത്ത് ഗയയെന്ന സ്ഥലത്തിന് സമീപത്ത് സ്ഥിതിചെയ്തിരുന്നു.

5. അവൻ പരിശീലിച്ച തപസ് വളരെ കഠിനമായിരുന്നു. അതിനെക്കുറിച്ച് പിന്നീട് ഇങ്ങനെ വിവരിച്ചുകാണുന്നു : ''ഒരു സന്യാസിയും ഇതിനുമുമ്പൊ, ഇപ്പോഴോ, ഇതിനു ശേഷമോ ഇത്രയും കഠിനമായ താപസ പരിശീലനം നടത്തിയിട്ടില്ല. ആരെക്കൊണ്ടും ഇത്രയും ആത്മാർത്ഥമായ രീതിയിൽ താപസപരിശീലനം നടത്തുവാൻ സാധിക്കുമോയെന്നു തോന്നുന്നില്ല; അത്രയ്ക്കും ശ്രദ്ധയോടും സമർപ്പണ ബുദ്ധിയോടും കൂടിയാണ് ഞാൻ അവ ഓരോന്നും പരിശീലിച്ചത്.''

ഇത്രയൊക്കെയായിട്ടും സിദ്ധാർത്ഥന് ഉദ്ദേശിച്ച ഫലം സിദ്ധിച്ചതായി തോന്നിയില്ല. ആറുവർഷത്തെ നിരന്തരമായ കഠിന പരിശ്രമത്തിനുശേഷം അവൻ സന്യാസം ഉപേക്ഷിക്കുവാൻ തീരുമാനിച്ചു. ഈ തീരുമാനത്തിനുശേഷം അവൻ ഒരുദിവസം കുളിക്കുവാനായി അടുത്തുള്ള നദിയിലേയ്ക്കുപോയി, അവിടെവെച്ച് സുജാത എന്ന പെൺകുട്ടിയിൽ നിന്ന് ഒരു പാത്രം പാൽ ഭിക്ഷയായി കുടിക്കുവാനായി വാങ്ങി; അവളുടെ വീട് നദിയുടെ അടുത്തുള്ള ഒരു ഗ്രാമത്തിലായിരുന്നു. അവന്റെകൂടെ ആറുവർഷം തപസ്സ് പരിശീലിച്ച അഞ്ചു സഹചാരികൾ ഇതുകണ്ട് കുപിതരായി അവനുമായുള്ള സഹവാസം അവസാനിപ്പിച്ച് അവിടെനിന്ന് പോയി.

എന്നാൽ തന്റെ മുന്നിൽ വന്ന ഓരോ വെല്ലുവിളികളും സന്യാസ ജീവിതത്തിലേയ്ക്കുള്ള അവന്റെ ദൃഢനിശ്ചയവും പ്രതീക്ഷകളും ഉദ്ദീപിപ്പിക്കുവാനേ സഹായിച്ചിട്ടുള്ളു. അതുകൊണ്ടുതന്നെ, ഏകനും ക്ഷീണിതനുമായ അവന് ഒരു സമയത്ത് തന്റെ ജീവൻ തന്നെ അപകടത്തിലാകുമെന്ന നിലയിൽപോലും എത്തിച്ചേരേണ്ടതായിവന്നു. ആ നിലയിലും തന്റെ മനഃസാന്നിദ്ധ്യം വിടാതെ ധ്യാനാഭ്യാസം തുടരുവാൻ തീരുമാനിച്ചു. സ്വയം ഇങ്ങനെ പറഞ്ഞു, ''എന്റെ രക്തം ഒരുപക്ഷെ വറ്റി പോകുമായിരിക്കും, ഒരുപക്ഷെ എന്റെ മാംസം ചീഞ്ഞു പോകുമായിരിക്കും, അസ്ഥികൾ ഒരുപക്ഷെ പൊട്ടിപ്പോകുമായിരിക്കും; എന്തൊക്കെ സംഭവിച്ചാലും നിർവാണം സാദ്ധ്യമാകുന്നതുവരെ ഞാൻ ഈ സ്ഥലം വിട്ടു പോകുകയില്ല.''

അവന്റെ മനസ്സിൽ വളരെ കഠിനമായ ആത്മസംഘർഷം ഉരുവിടാൻ തുടങ്ങി. വളരെ വിചിത്രവും വേദനാജനകവും ദുരൂഹവുമായ ചിന്തകൾ ആ മനസ്സിനെ വീണ്ടും വീണ്ടും അതിക്രമിച്ചുകൊണ്ടിരുന്നു. സാത്താൻപരീക്ഷണങ്ങളും പ്രലോഭനങ്ങളും കൊണ്ട് അവന്റെ മനസ്സാന്നിദ്ധ്യവും ശ്രദ്ധയും മാറ്റുവാൻ ശ്രമിച്ചുകൊണ്ടിരുന്നു.

വളരെ ക്ഷമയോടും ശ്രദ്ധയോടും കൂടി അവൻ ഓരോ പ്രലോഭനങ്ങളുടേയും അത്ഥം മനസ്സിലാക്കി അവയെ മനസാ തിരസ്കരിച്ചു. ആ കഠിന തപസ് സിദ്ധാർത്ഥന്റെ ആരോഗ്യനിലയെ സാരമായി ബാധിച്ചു, അവന്റെ അസ്ഥികൾ പൊട്ടുകയും രക്തം വറ്റി മാംസം ചുരുങ്ങി ശോഷിച്ചു പോകുകയും ചെയ്തു.

അങ്ങനെയൊരു പ്രഭാതത്തിൽ കിഴക്ക് പ്രഭാത സൂര്യൻ ഉദിച്ചുയരുമ്പോൾ അവന്റെ മനസ്സിൽ എന്തെന്നില്ലാത്ത ഒരു സമാധാനം ഉരുത്തിരിഞ്ഞു വന്നു; പ്രഭാതം പൊട്ടി വിരിഞ്ഞതു പോലെ അവന്റെ മനസ്സിൽ എന്തോ ഒരുജ്ഞാനം ഉദിച്ചുവന്നു. ആ ജ്ഞാന ദൃഷ്ടി കൊണ്ട് ലോകത്തെ ശരിയായ രീതിയിൽ നോക്കിക്കാണുവാനും തന്നെ അലട്ടിക്കൊണ്ടിരുന്ന ചോദ്യങ്ങൾക്കെല്ലാം ഉത്തരം വെളിവായി വരുന്നതായും അവനു ബോധ്യപ്പെട്ടു. അവസാനം അവന്റെ കഠിന തപസ്സിന് ശരിയായ ഫലപ്രാപ്തിയുണ്ടായി. അങ്ങനെ തന്റെ മുപ്പത്തിയഞ്ചാം വയസ്സിൽ രാജകുമാരനായിരുന്ന സിദ്ധാർത്ഥൻ ബുദ്ധനായി മാറി.

6. അന്നുമുതൽ അവനെ ജനങ്ങൾ പല പേരിൽ സംബോധന ചെയ്യാൻ തുടങ്ങി. ചിലർ ബുദ്ധൻ എന്നും, മറ്റുചിലർ ജ്ഞാനം പ്രാപിച്ചവൻ അല്ലെങ്കിൽ തഥാഗതൻ എന്നും; വെറെ ചിലർ ശാക്യമുനി, ശാക്യ കുലത്തിൽ നിന്നുള്ള മുനിയെന്നും; ലോകം ബഹുമാനിക്കുന്നവൻ എന്നുമൊക്കെ അർത്ഥം വരുന്ന പദങ്ങളാൽ ഉപചാരപൂർവം സംബോധന ചെയ്യാൻ തുടങ്ങി.

ശ്രീബുദ്ധൻ അവിടെനിന്നും വാരാണസിക്കടുത്തുള്ള മൃഗദവ എന്ന ദേശത്തേയ്ക്ക് യാത്ര തിരിച്ചു. അവിടെ തന്റെകൂടെ വളരെക്കാലം താപസവിദ്യ പരിശീലിച്ചിരുന്ന അഞ്ചു സന്യാസി സുഹൃത്തുക്കളെ കാണാം എന്ന ലക്ഷ്യത്തിലായിരുന്നു. അവരെ കാണുവാൻ സാധിച്ചെങ്കിലും അവർ ശ്രീബുദ്ധനെ ആദ്യം അംഗീകരിച്ചില്ല. എന്നാൽ പിന്നിട് പഴയസഹചാരിയിലുണ്ടായ മാറ്റം തിരിച്ചറിഞ്ഞ അവർ അഞ്ചുപേരും ശ്രീബുദ്ധന്റെ ആദ്യ ശിഷ്യന്മാരായി. അവിടെനിന്ന് അവർ രാജഗ്രഹ എന്ന രാജ്യത്തേയ്ക്കു പോയി, അവിടുത്തെ രാജാവായ ബിംബിസാരന്റെ ആതിഥ്യം സ്വീകരിച്ച് അദ്ദേഹത്തിന്റെ സൗഹൃദം സമ്പാദിക്കുകയും ചെയ്തു. പിന്നിടു് ബുദ്ധൻ ഗ്രാമാന്തരങ്ങളിലും നഗരപ്രാന്തങ്ങളിലും സഞ്ചരിച്ച് ബൗദ്ധചിന്തയുടെ മഹത്വം സാധാരണ ജനങ്ങളെ പഠിപ്പിച്ചു.

ബുദ്ധന്റെ വചനങ്ങളും ഉപദേശങ്ങളം ശ്രവിച്ച മനുഷ്യർ ദാഹിക്കുന്നവൻ ജലസ്വീകരിക്കുന്നതുപോലേയും വിശക്കുന്നവർ ഭക്ഷണം സ്വീകെരിക്കുന്നതുപോലേയും സ്വികരിച്ചു.

പിൽകാലത്താണ് ബുദ്ധതത്വചിന്തയിൽ അഗ്രഗണ്യരായി അറിയപ്പെട്ട, സാരിപുത്രയും മൗദ്ഗല്യനയും രണ്ടായിരത്തോളം അനുചരന്മാരോടൊപ്പം ബുദ്ധശിഷ്യന്മാരായി ചേർന്നത്.

സ്വപിതാവ്, സുദ്ധോദനൻ, ആദ്യം കിരീടാവകശിയായ തന്റെപ്രിയ പുത്രൻ കൊട്ടാര ജീവിതം അവസാനിപ്പിച്ച് സന്യാസം സ്വീകരിച്ചതിലുള്ള അസന്തുഷ്ടി പ്രകടിപ്പിച്ചുവെങ്കിലും, സ്വപുത്രൻ നേടിയ അറിവിന്റെ ഔന്നത്യമറിഞ്ഞു ബുദ്ധന്റെ ഏറ്റവും പ്രധാന ശിഷ്യരിൽ ഒരുവനായി മാറി. തന്റെ വളർത്തമ്മ പ്രജ്ഞാവതി, ഭാര്യ യശോധര, ശാക്യവംശത്തിലെ മറ്റംഗങ്ങൾ തുടങ്ങി, ആയിരക്കണക്കിനാളുകൾ ബുദ്ധശിഷ്യന്മാരായി മാറി.

7. ഏതാണ്ട് നാല്പതു വർഷക്കാലത്തോളം ശ്രീബുദ്ധൻ ഭാരതവർഷത്തിലുള്ള വിവിധ ദേശങ്ങളിൽ സഞ്ചരിച്ച് ദുഃഖിതരും അശരണരുമായ ജനങ്ങളെ മുക്തിയുടേയും ജ്ഞാനമാർഗത്തിന്റേയും വഴി ആർജിക്കുവാൻ താൻ അനുഭവിച്ചറിഞ്ഞ സുവിശേഷം പഠിപ്പിച്ചു. പക്ഷെ അദ്ദേഹം ഏതാണ്ട് എൺപതുവയസ് പ്രായമുള്ള സമയത്ത് ഒരിക്കൽ ശ്രാവസ്തിയിൽ നിന്ന് രാജഗൃഹത്തിലേയ്ക്കുള്ള വഴിമദ്ധ്യേ വൈശാലി എന്ന സ്ഥലത്തു വെച്ച് അദ്ദേഹം പെട്ടെന്ന് രോഗബാധിതനാകുകയും മൂന്നുമാസത്തിനിടയ്ക്ക് താൻ മഹാസമാധി പ്രാപിക്കുമെന്നും പ്രവചിച്ചു. രോഗബാധിതനായ ബുദ്ധൻ തന്റെ രോഗം വകവെക്കാതെ അവിടെനിന്നും യാത്രയായി. പാവ എന്ന സ്ഥലത്തെത്തിയപ്പോൾ ആദ്ദേഹം വളരെ ദുസ്സഹമായരീതിയിൽ രോഗബാധിതനായി. അവിടെവെച്ച് ചൂണ്ടാ എന്നുപേരുള്ള ഒരു കൊല്ലന്റെ കൈയ്യിൽ നിന്ന് ആഹാരം വാങ്ങി ഭക്ഷിച്ചു. പിന്നിട് വളരെ ശ്രമപ്പെട്ട് അദ്ദേഹം കുശിനഗരം എന്ന സ്ഥലത്തിനടുത്തുള്ള ഒരു വനത്തിൽ പ്രവേശിച്ചു.

ആവനത്തിൽ രണ്ടു അശോകമരങ്ങളുടെ മദ്ധ്യത്തിൽ കിടന്നുകൊണ്ട് തന്റെ ശിഷ്യന്മാരുടെ സംശയങ്ങൾക്ക് നല്ലരീതിയിൽ ഉത്തരം നൽകികൊണ്ടിരുന്നു. അങ്ങനെ തന്റെ അവസാന ശ്വാസംവരെ ശ്രീബുദ്ധൻ തന്റെ ജ്ഞാനമാർഗ്ഗത്തെക്കുറിച്ചുള്ള ഉദ്ബോധനം തുടർന്നു. ആ വനമദ്ധ്യത്തിൽ വെച്ച് അദ്ദേഹം ഈ ലോകത്തോടുള്ള തന്റെ കടമകൾ കൃത്യമായി നിറവേറ്റിയ ശേഷം വളരെ ശാന്തനായി മഹാസമാധി പ്രാപിച്ചു.

8. ബുദ്ധഭഗവാന്റെ പ്രിയശിഷ്യനായിരുന്ന ആനന്ദയുടെ നേതൃത്വത്തിൽ സുഹൃത്തുക്കളുടെ സാന്നിധ്യത്തിൽ ആ തിരുശരീരം കുശിനഗരം വനത്തിൽ വെച്ച് ദഹിപ്പിച്ചു.

സമീപപ്രദേശത്തുള്ള രാജ്യങ്ങളിലെ ഏഴു രാജാക്കന്മാരും മഹാരാജാവ് അജാതശത്രുവും ഭൗതികാവശിഷ്ടം അവരുടെ ഇടയിൽ തുല്യമായി വീതിക്കണമെന്ന് ആവശ്യമുന്നയിക്കുകയും അതനുസരിച്ച് അങ്ങനെ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു. എന്നാൽ ഈ ആവശ്യം കുശിനഗരനിവാസികൾ എതിർത്തതിനെ തുടർന്ന് ബുദ്ധഭഗവാന്റെ ഭൗതീകാവശിഷ്ടത്തെച്ചൊല്ലി യുദ്ധം ഉണ്ടാകും എന്ന നിലവരെ വന്നു. ആ സമയത്ത് ദ്രോണാ എന്നു പേരുള്ള ഒരു മുതിർന്ന വ്യക്തിയുടെ നേതൃത്വത്തിൽ ഭൗതികാവശിഷ്ടം എട്ടു ഭാഗങ്ങളായി വീതിയ്ക്കുവാൻ തീരുമാനമായി. അതനുസരിച്ച് ചിതാഭസ്മവും അതു സൂക്ഷിച്ചിരുന്ന കുടങ്ങളും വളരെ ബഹുമാന്യരായ മറ്റു രണ്ടു രാജാക്കന്മാരുടെ അടുത്തേയ്ക്ക് അയക്കുകയും ചെയ്തു. അങ്ങനെ അവസാനം ബുദ്ധഭഗവാന്റെ ഭൗതികശരീരം പത്തുഭാഗങ്ങളായി തിരിച്ച് അവ സൂക്ഷിച്ചിരുന്ന സ്ഥലങ്ങളിൽ ഭീമാകാരമായ പത്തു സ്തൂപങ്ങളും പണികഴിപ്പിക്കപ്പെട്ടു.

## II
## ശ്രീ ബുദ്ധന്റെ അവസാന വചനങ്ങൾ

1. രണ്ട് അശോകമരങ്ങളുടെ തണലിൽ കിടന്നുകൊണ്ട് ബുദ്ധഭഗവാൻ തന്റെ അവസാന സാരോപദേശങ്ങൾ അവിടെകൂടിയിരുന്ന ശിഷ്യന്മാർക്കു നല്കി.

''നിങ്ങൾ നിങ്ങളെ തന്നെ ഒരു പ്രകാശമാക്കുക. സ്വയം തന്നിൽതന്നെ വിശ്വാസമുറപ്പിക്കുക. ഇതര വിശ്വാസപ്രമാണങ്ങളെ ഒരേസമയം പിൻപറ്റാതിരിക്കുക. ഞാൻ ഉപദേശിച്ചുതന്ന പ്രമാണങ്ങൾ നിങ്ങൾക്ക് വിളക്കായിരിക്കട്ടെ. അതുകാണിച്ചുതരുന്ന പ്രകാശത്തിൽ സഞ്ചരിക്കുക; മറ്റു പ്രമാണങ്ങളെ മൂഢമായി അവലംബിക്കാതിരിയ്ക്കുക.''

''നിങ്ങളുടെ ശരീരത്തെപ്പറ്റി ചിന്തിക്കുക; വശ്യസുന്ദരമായ ആകൃതിയുള്ള അതിന്റെ ഉള്ള് അശുദ്ധമല്ലേ? ഈ ശരീരത്തിന്റെ സന്തോഷത്തിന്റേയും വേദനയുടേയും കാരണം ദുഃഖമാണ്. ആ സത്യം മനസ്സിലാക്കിയാൽ എങ്ങനെ നിങ്ങൾക്ക് ദുഃഖമുണ്ടാക്കുന്ന ആഗ്രഹങ്ങളുടേയും തൃഷ്ണയുടേയും പിന്നാലെ പോകുവാൻ സാധിയ്ക്കും?''

''നിങ്ങളുടെ ആത്മാവിനെപ്പറ്റി ചിന്തിച്ചുനോക്കൂ, അത് എത്ര ലോലമാണ്. എത്ര എളുപ്പമാണത പ്രലോഭനങ്ങൾ, ദിവാസ്വപ്നങ്ങൾ, അഹങ്കാരം, അസൂയ എന്നിവയ്ക്ക് ആകർഷിക്കപ്പെടുന്നത്. അതിനെപ്പറ്റി സൂക്ഷ്മമായി മനസ്സിലാക്കുകയാണെങ്കിൽ അവയെല്ലാം ദുഃഖത്തിന്റെ മറ്റു രൂപങ്ങളാണെന്ന് തിരിച്ചറിയുവാൻ സാധിക്കുകയില്ലേ? ഭൂമിയിലുള്ള എല്ലാവസ്തുക്കളേയും കുറിച്ച് തരം തിരിച്ചും അല്ലാതെയും ചിന്തിച്ചുനോക്കൂ അവയിൽ ഏതെങ്കിലും ഒന്നിൽ നിത്യത കാണുന്നുണ്ടോ? എല്ലാവസ്തുക്കളും മറ്റു വസ്തുക്കളുടെ സമീകൃതമല്ലേ അതിനാൽ സൂക്ഷ്മപരിശോധനയിൽ അവ വളരെവേഗം മറ്റുവസ്തുക്കളായി പിരിഞ്ഞു മാറുന്നത് നമുക്ക് നേരിട്ട് കാണുവാനും സാധിക്കുന്നില്ലേ? ഒരുവസ്തുവിനും സ്വതന്ത്രമായ നിലനില്പില്ല, എല്ലാം വിവിധ വസ്തുക്കളുടെ സങ്കലനമായി ഒരു ദീപം എരിയുന്നതുപോലെയാണ്. നിങ്ങൾ ഒരിക്കലും ദുഃഖത്തെക്കണ്ട് പരിഭ്രമിക്കുകയോ ഭയപ്പെടുകയോ ചെയ്യരുത്, എന്തെന്നാൽ ദുഃഖം നൈമിഷികമാണ്. എന്റെ മരണശേഷവും നിങ്ങൾ എന്റെ വചനങ്ങൾ അനുസരിച്ച് ജീവിയ്ക്കുക. നിങ്ങൾ ദുഃഖത്തിൽ നിന്ന് മോചിതരാകും. അതിലൂടെ നിങ്ങൾ ഏവരും എന്റെ ഉത്തമ അനുചരന്മാരായി തീരുകയും ചെയ്യും.''

2. ''പ്രിയ ശിഷ്യരെ, ഞാൻ പഠിപ്പിച്ച കാര്യങ്ങൾ നിങ്ങൾ ഒരിക്കലും മറക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യരുത്. അവ നിങ്ങൾ എപ്പോഴും ഒരു നിധിപോലെ സൂക്ഷിക്കണം, അതുപോലെ അവയെപ്പറ്റി പുനർചിന്തനം നടത്തുകയും, അവ കൃത്യമായി പരിശീലിക്കുകയും ചെയ്യണം. എന്റെ ഉപദേശങ്ങൾക്ക് നിങ്ങളെ സന്തോഷത്തിലും സംതൃപ്തിയിലും ജീവിക്കുവാൻ സഹായിക്കുന്ന കഴിവുണ്ട്.''

'' ഈ ഉപദേശങ്ങളുടെ അന്തഃസത്ത നിങ്ങൾക്ക് എങ്ങനെ നിങ്ങളുടെ മനസ്സിനെ നിയന്ത്രണത്തിൽ വരുത്താം എന്നതാണ്. അവയെ അനുസരിക്കുകയാണെങ്കിൽ നിങ്ങളുടെ മനസ്സ് ശുദ്ധവും, അഹങ്കാരത്തിൽ നിന്ന് വിമുക്തവും, വചനങ്ങൾ വിശ്വാസയോഗ്യവും, പെരുമാറ്റം ഗുണദായകവുമായി തീരും. മനുഷ്യജീവിതം മാറ്റങ്ങൾക്ക് വിധേയമണെന്നു മനസ്സിലാക്കുന്നതോടെ നിങ്ങൾക്ക് അഹങ്കാരം, അസൂയ, ദ്വേഷം എന്നിവയ്ക്ക് മനസ്സിന്മേലുള്ള നിയന്ത്രണത്തിൽ നിന്നു മോചനവും തിന്മയിൽ നിന്നു രക്ഷയും സ്വയം പ്രാപ്തമാക്കുവാൻ സാധിക്കും.''

''എപ്പോഴെങ്കിലും നിങ്ങളുടെ മനസ്സ് ഭൂമിയിലുള്ള വസ്തുക്കളാലുണ്ടാകുന്ന പ്രലോഭനങ്ങൾക്ക് വശപ്പെടുകയും അഹങ്കാരത്തിന്റെ പിടിയിൽ അമരുകയും ചെയ്യുകയാണെങ്കിൽ, നിങ്ങൾ നിങ്ങളുടെ മനസ്സിനെ ധ്യാനത്തിലൂടെ നിയന്ത്രണത്തിൽ കൊണ്ടുവരുകയും മനോവ്യാപാരങ്ങളെ ജയിയ്ക്കുകയും ചെയ്യണം.''

''മനുഷ്യമനസ്സിന് ഒരുവനെ ഒരു ബുദ്ധനാക്കാനും അതേപോലെതന്നെ ഒരു മൃഗമാക്കാനും സാധിയ്ക്കും. ജ്ഞാനബോധം ഉളവാക്കാവുന്ന ബുദ്ധധർമ്മത്തിന്റെ മാർഗ്ഗത്തിൽ ജീവിച്ചാൽ ഒരുവന് നിശ്ചയമായും ബുദ്ധനാകാൻ സാധിയ്ക്കും. മറിച്ച് അജ്ഞാനത്തിന്റെയും അതിൽ നിന്നുളവാകുന്ന തെറ്റിന്റെയും മാർഗത്തിലാണ് ജീവിതം നയിക്കുന്നതെങ്കിൽ, അവൻ ചെകുത്താനായി തീരും. അതുകൊണ്ട് ശരിയായ രീതിയിൽ ജീവിതം നയിക്കുവാൻ ഒരുവൻ പരിശീലിക്കണം. ''

3. ''നിങ്ങൾ അന്യോന്യം ബഹുമാനിക്കുവാൻ പഠിക്കണം. അതുപോലെതന്നെ ഞാൻ പഠിപ്പിച്ച കാര്യങ്ങൾ പിൻതുടരുകയും പരസ്പരം കലഹങ്ങളിൽ നിന്ന് ഒഴിവായി നിൽക്കുകയും ചെയ്യണം. പാലും വെള്ളവും ഒന്നായിച്ചേരുന്നതുപോലെ നിങ്ങൾ ഒരുമയോടുകൂടി ജീവിക്കണം. മറിച്ച് എണ്ണയും വെള്ളവും ഒന്നായിചേർത്താൽ ചേരാത്തതു പോലെ പരസ്പരം വേറിട്ട് നിൽക്കരുത്.''

'' ഒന്നിച്ചു പഠിയ്ക്കുക, കാര്യങ്ങൾ തുറന്നബുദ്ധിയോടെ മനസ്സിലാക്കുക. ഞാൻ പഠിപ്പിച്ചകാര്യങ്ങൾ ഒന്നിച്ചു പരിശീലിക്കുക. നിങ്ങളുടെ വിലപ്പെട്ട സമയം ഒരിക്കലും കലഹിക്കുന്നതിനും, പുലഭ്യം പറയുന്നതിനും അതുപോലുള്ള മറ്റ് അനാവശ്യമായ കാര്യങ്ങൾക്കുമായി നഷ്ടപ്പെടുത്താതിരിക്കുക. ജ്ഞാനമെന്ന പൂക്കളെ താലോലിക്കുക, ജ്ഞാനത്തിലൂടെ പ്രാപ്തമാകുന്ന ശരിയായമാർഗ്ഗമെന്ന ഫലത്തെ ജീവിതസന്ധാരണത്തിനുള്ള വഴിയായി സ്വീകരിക്കുക. ജ്ഞാനദൃഷ്ടിയിലൂടെ വസ്തുതകളെ മനസ്സിലാക്കുന്നതിലൂടെ മാത്രമേ ശരിയായ ജീവിതസന്ധാരണമാർഗ്ഗം തിരിച്ചറിഞ്ഞ് അത് തിരഞ്ഞെടുക്കുവാൻ സാധിക്കുകയുള്ളൂ. ''

'' ഞാൻ പഠിപ്പിച്ച ഓരോ പാഠവും ഞാൻ ആർജ്ജിച്ച ജ്ഞാനദൃഷ്ടിയിലൂടെ മനസ്സിലാക്കിയ ശരിയായമാർഗ്ഗങ്ങളുടെ പുനരാവിഷ്കരണങ്ങളാണ്. അതുകൊണ്ട് അവ നിങ്ങൾക്കും ശരിയായ മാർഗ്ഗം കാണിച്ചുതരുമെന്നെനിക്കുറപ്പാണ് . നിങ്ങൾ ആ പാഠങ്ങളെ ശരിയായ അർത്ഥത്തിൽ മനസ്സിലാക്കുവാൻ ശ്രമിയ്ക്കുക.''

'' നിങ്ങൾ ഞാൻ പഠിപ്പിച്ച പാഠങ്ങളെ തിരസ്കരിക്കുകയാണെങ്കിൽ അത് നിങ്ങൾ ഒരിക്കലും എന്നെ കാണുകയോ എന്നൊടൊപ്പം ജീവിക്കുകയോ ചെയ്തിട്ടില്ലായെന്നതിനുതുല്യമാണ്; മറിച്ച് നിങ്ങൾ എന്റെ വചനങ്ങൾ പഠിക്കുകയും അവ പരിശീലിക്കുകയും ചെയ്യുകയാണെങ്കിൽ നിങ്ങൾ എന്നോട് വളരെ അടുത്തും എന്റെ പാഠങ്ങളിൽ നിന്ന് അനുഗ്രഹങ്ങൾ സിദ്ധിക്കുന്നവരുമായിതീരും. ഞാൻ പഠിപ്പിച്ച പാഠങ്ങളാണ് നമ്മെത്തമ്മിൽ അടുപ്പിക്കുകയോ അകറ്റുകയോ ചെയ്യുന്ന പ്രധാന ഘടകം.''

4. ''പ്രിയശിഷ്യന്മാരെ, എന്റെ ജീവിതത്തിന്റെ അവസാന നിമിഷങ്ങൾ

അടുത്തുകൊണ്ടിരിക്കുന്നു! നമുക്ക് വേർപിരിയുവാനായുള്ള സമയം ആയിരിക്കുന്നു! നിങ്ങൾ ആരും കരയരുത്! ലോകജീവിതം എപ്പോഴും മാറിക്കൊണ്ടിരിക്കുന്നു; ആർക്കും മരണത്തിൽ നിന്നും രക്ഷപ്പെടുവാൻ സാധിക്കുകയില്ല. ആ സത്യം നിങ്ങൾ എന്റെ മരണം നേരിട്ടു ദർശിക്കുന്നതിൽനിന്നും നേരിട്ടു മനസ്സിലാക്കും. നോക്കു! എന്റെ ഈ ശരീരം ഒരു പഴകിയതും നശിച്ചുകൊണ്ടിരിക്കുന്നതുമായ വണ്ടിപോലെ മുമ്പോട്ടുപോകാനാവാതെ ഒടിഞ്ഞു വീഴുന്നത് നിങ്ങൾക്കു കാണാം.''

''കരയാതെയിരിക്കു! എന്നാൽ ഒന്നും ശാശ്വതമല്ലെന്നും എല്ലാത്തിന്റേയും അന്തഃസത്ത ശൂന്യമാണെന്നുമുള്ള സത്യം നന്നായി മനസ്സിലാക്കൂ. നിങ്ങൾ അനാവശ്യമായി ആഗ്രഹങ്ങളേയും തൃഷ്ണയെയും പിൻതുടരുന്നതുകൊണ്ട് എപ്പോഴും മാറിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിലെ വസ്തുക്കളെ നിത്യമെന്നു തെറ്റിദ്ധരിച്ച് അവയുടെ പിന്നാലെ പോകുന്നു.''

'' ഭൂമിയിലെ വസ്തുക്കളുടെ മേലുള്ള 'അതിയായ ആഗ്രഹം' എന്ന സാത്താൻ എപ്പോഴും നിങ്ങളുടെ മനസ്സിനെ പരീക്ഷിച്ചുകൊണ്ടിരിയ്ക്കും. നിങ്ങളുടെ ഉറക്കമുറിയിൽ ഒരു സർപ്പം കുടിയിരിക്കുകയും നിങ്ങൾ സമാധാനമായ ഒരു നിദ്ര ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾ ആദ്യം ആ സർപ്പത്തെ ആ മുറിയിൽനിന്ന് ഓടിക്കണം.''

'' അതുകൊണ്ട് തൃഷ്ണാജനിതമായ ആഗ്രഹങ്ങളെയും ആവ നിങ്ങളിലുണ്ടാക്കാവുന്ന സ്വാധീനത്തെയും, ആ സർപ്പത്തെ അകറ്റുന്നതുപോലെ നിങ്ങളുടെ മനസ്സിൽ നിന്ന് പുറത്തുകളഞ്ഞശേഷം നിങ്ങൾ മനസ്സിനെ വീണ്ടും ആ സർപ്പത്തിന്റെ ഉപദ്രവം ഉണ്ടാവാത്ത രീതിയിൽ ശരിയായി സംരക്ഷിക്കുക.''

5. '' ശിഷ്യരെ, എന്റെ അവസന നിമിഷം അടുത്തുവന്നിരിക്കുന്നു, അതിനാൽ ഒരു പ്രധാനകാര്യം മനസ്സിലാക്കുക, മരണം ശരീരത്തെ മാത്രമെ ബാധിക്കുകയുള്ളു. മാതാപിതക്കളിൽ നിന്ന് ലഭിച്ച ഈ ശരീരം ആഹാരങ്ങളിൽ നിന്ന് പുഷ്ടി പ്രാപിച്ച് ആരോഗ്യമായി നിലനിൽക്കുന്നതുപോലെ തന്നെ അത് രോഗബാധയാൽ നാശത്തിനിരയാകുകയും അവസാനം മരണത്തിൽ ചെന്നവസാനിക്കുകയും ചെയ്യും.

''ശരിയായ അർത്ഥത്തിൽ ബുദ്ധം എന്നത് എന്റെ ഭൗതികശരീരത്തെയല്ല പ്രതിനിധീകരിക്കുന്നത്, അത് ഞാൻ ആർജ്ജിച്ച ജ്ഞാനബോധത്തെയാണ് സൂചിപ്പിക്കുന്നത്. ഒരു ശരീരം മരണത്തിനും നാശത്തിനും വിധേയമാണ് എന്നാൽ ജ്ഞാനദൃഷ്ടിയും വിവേകവും ഒരിക്കലും നശിക്കുന്നില്ല. അവ അനശ്വരസത്യങ്ങളാണ്. അതുപോലെതന്നെയാണ് ബുദ്ധോപദേശങ്ങളും അവയിൽ അധിഷ്ഠിതമായ പരിശീലനങ്ങളും.

ആര് എന്റെ ശരീരം മാത്രം വീക്ഷിക്കുന്നുവോ അവൻ യഥാർത്ഥത്തിൽ എന്നെ കാണുന്നില്ല. എന്നാൽ ആര് എന്റെ വചനം ശ്രവിക്കുന്നുവോ അതനുസരിച്ച് ജീവിക്കുന്നുവോ അവൻ എന്നെ സത്യത്തിൽ കാണുകയും എന്റെ വചനങ്ങളുടെ മഹത്വം അനുഭവിച്ചറിയുകയും ചെയ്യുന്നു.''

'' എന്റെ മരണശേഷം ഞാൻ പഠിപ്പിച്ചപാഠങ്ങളും എന്റെ വചനങ്ങളും നിങ്ങൾക്ക് ഒരു വഴികാട്ടിയായിരിയ്ക്കട്ടേ. ഞാൻ പഠിപ്പിച്ച ധർമ്മം ശരിയായ അർത്ഥത്തിൽ പിൻതുടരുന്നതാണ് നിങ്ങൾ എന്നോട് കാണിക്കുന്ന ഏറ്റവും വലിയ ഉപചാരവും ബഹുമാനവും.''

'' കഴിഞ്ഞ നല്പത്തഞ്ചു വർഷത്തെ ജീവിതത്തിനിടക്ക് ഞാൻ ഒന്നും നിങ്ങളിൽ നിന്നു മറച്ചുവെച്ചിട്ടില്ല. എല്ലാം ഒരു തുറന്ന പുസ്തകം പോലെ സുവ്യക്തമാണ്, ഞാൻ ഒന്നും മറച്ചുവെക്കുകയോ രഹസ്യമായി പഠിപ്പിക്കുകയൊ ചെയ്തിട്ടില്ല. എല്ലാ കാര്യങ്ങളും ഞാൻ എല്ലാവർക്കും മനസ്സിലാകുന്ന ഭാഷയിലാണ് പഠിപ്പിച്ചിട്ടുള്ളത്. എന്റെ പ്രിയശിഷ്യരെ എനിക്ക് പോകാനായുള്ള സമയമായിരിക്കുന്നു. ഒരുനിമിഷത്തിനകം ഞാൻ നിർവാണത്തിലേയ്ക്കു പ്രവേശിക്കും. ഞാൻ നിങ്ങൾക്കായി ഈ വചനങ്ങൾ നൽകുന്നു.''

### അദ്ധ്യായം രണ്ട്

# നിത്യവും വാഴ്ത്തപ്പെടുന്ന ബുദ്ധൻ

## I
## അദ്ദേഹത്തിന്റെ കാരുണ്യവും ദൃഢനിശ്ചയങ്ങളും

1. ബുദ്ധവചനങ്ങളുടെയും ധർമ്മത്തിന്റെയും അന്തസത്ത ഉൾക്കൊള്ളുന്നത് ഉൽകൃഷ്ടമായസ്നേഹത്തിന്റെയും കരുണയുടെയും എളിമയുടെയും വഴിതുറന്നു കാണിക്കുന്നതിലാണ്. സ്നേഹത്തിന്റെ വഴിയെന്നത് എല്ലാ മനുഷ്യരെയും എല്ലാവിധത്തിലും അല്ലെങ്കിൽ ഏതുവിധത്തിലും രക്ഷയുടെ മാർഗത്തിലേയ്ക്ക് നയിക്കുകയെന്നതിലാണ്. കരുണയുടെയും എളിമയുടെയും മാർഗമെന്നത്, വേദനിക്കുന്നവരുടെയും രോഗികളുടെയും ദുഃഖിതരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി ശ്രമിക്കുകയും അവരുടെ വേദനയിൽ ഒരാശ്വാസമായി നിലകൊള്ളുന്നതുമാണ്.

ശ്രീബുദ്ധൻ ഒരിക്കൽ പറഞ്ഞു, ''നിങ്ങളുടെദുഃഖം എന്റെ ദുഃഖവും നിങ്ങളുടെ സന്തോഷം എന്റെ സന്തോഷവുമാകുന്നു.'' എങ്ങനെ ഒരു മാതാവ് തന്റെ കുട്ടിയെപ്പറ്റി എപ്പോഴും ബോധവതിയായിരിക്കുന്നുവോ അതുപോലെ ശ്രീബുദ്ധൻ കരുണയെന്ന ബുദ്ധമാർഗ്ഗത്തിലൂടെ മറ്റുള്ളവരുടെ ബുദ്ധിമുട്ടുകളെയും പ്രശ്നങ്ങളെയുംകുറിച്ചും ബോധവാനാണ്.

ബുദ്ധന്റെ കരുണയെന്നത് അളന്നു തിട്ടപ്പെടുത്താൻ പ്രയാസമാണ്, എന്നാൽ അത് പ്രാപിക്കാനിച്ഛിക്കുന്നവർക്ക് അവരുടെ ആവശ്യാനുസരണം ഉൾകൊള്ളുവാൻ സാധിക്കും. ഒരുവന്റെ വിശ്വാസത്തിൽ അതുപ്രതിഫലിക്കും, അത് അവനെ ജ്ഞാനത്തിന്റെയും പ്രത്യുതാ രക്ഷയുടെയും മാർഗ്ഗത്തിലേയ്ക്കും നയിക്കും. എങ്ങനെ ഒരു മാതാവ് തന്റെ മാതൃത്വത്തിന്റെ ആഴവും പരപ്പും തന്റെ കുട്ടിയൊടുള്ള സ്നേഹത്തിൽനിന്ന് അനുഭവിച്ചറിയുന്നുവോ, അതുപോലെ കുട്ടി മാതാവിൽ നിന്ന് മാതൃസ്നേഹത്തിന്റെ സംരക്ഷണവും രക്ഷയും അനുഭവിച്ചറിയുന്നു. ആ സ്നേഹത്തിന് പരിധിനിർണ്ണയിക്കുകയെന്നത് ദുഷ്കരമായ കാര്യമാണ്.

**നിത്യവും വാഴ്ത്തപ്പെടുന്ന ബുദ്ധൻ**

ഭഗവാൻ ബുദ്ധന്റെ ഉപദേശങ്ങളുടെ അന്തഃസത്ത മനസ്സിലാക്കാതെ സാധരണജനങ്ങൾ മായയുടെയും അജ്ഞാനത്തിന്റെയും ബന്ധനത്തിൽപെട്ട് ഈ ജീവിതത്തിൽ കഠിനമായ വേദന അനുഭവിക്കുന്നു. അവരുടെ വേദനയുടെ യഥാർത്ഥകാരണം അവർക്കു തന്നെ മനസ്സിലാകുന്നില്ല. ജീവിതപാതയിൽ ഒരു സാധാരണ മനുഷ്യൻ അകപ്പെടുന്ന തിന്മകളുളവാക്കുന്ന അമിതാഗ്രഹവും അതിന്റെ വിളവായ മോഹങ്ങളും മോഹഭംഗങ്ങളും അവരെ രക്ഷപ്പെടുവാൻ പഴുതുകളില്ലാത്തരീതിയിൽ ബന്ധനസ്ഥരാക്കിതീർക്കുന്നു.

2. ശ്രീ ബുദ്ധന്റെ സ്നേഹവും കരുണയും കാലാതീതമായി നിലനിൽക്കുന്നതാണ്. അത് അനാദികാലം മുതൽ നിലനിൽക്കുന്നതും, സാധാരണമനുഷ്യനെ അജ്ഞതയുടെ പിടിയിൽ നിന്നു രക്ഷിക്കുവാൻ പ്രാപ്തിയുള്ളതുമാണ്. കരുണയും സ്നേഹവും വേദനയനുഭവിക്കുന്ന മനുഷ്യരെ ഏറ്റവും കഠിനവും നാശദായകവുമായ അജ്ഞതയിൽ നിന്ന് അനാദി കാലംമുതൽ രക്ഷിച്ചുവന്നിട്ടുള്ള ജീവിതസത്യങ്ങളാണ്.

നിത്യനായ ബുദ്ധൻ തന്റെ സ്വസിദ്ധമായ സൗഹൃദഭാവത്തോടെ മനുഷ്യരെ സമീപിക്കുന്നു അതുപോലെ അവർക്ക് ഏറ്റവും ഉചിതമായ ഉപദേശങ്ങൾ നല്കുന്നു.

ശാക്യമുനിയെന്നറിയപ്പെടുന്ന ബുദ്ധൻ ഒരു രാജകുമാരനായി തന്റെ ഗോത്രമായ ശാക്യവംശത്തിലാണ് ജനിച്ചത്. അദ്ദേഹം കൊട്ടാരത്തിലെ എല്ലാ സുഖസൗകര്യങ്ങളും ഉപേക്ഷിച്ച് സന്യാസജീവിതം സ്വീകരിച്ചു. നിശ്ശബ്ദധ്യാനം എന്ന ധ്യാനമാർഗ്ഗത്തിലുടെ അദ്ദേഹം ജ്ഞാനവും നിർവാണവും സിദ്ധിച്ചു. അദ്ദേഹം തന്റെ ധർമ്മം (ഉപദേശങ്ങൾ) ഏറ്റവും അടുത്ത അനിയായികളിലൂടെ പ്രചരിപ്പിച്ചു. അതിനുശേഷം തന്റെദൗത്യ പൂർത്തീകരണം എന്നുതോന്നിക്കുന്നതുപോലെ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞ് മഹാപരിനിർവ്വാണം പ്രാപിച്ചു.

മനുഷ്യന്റെ അജ്ഞതയെ അളന്നു തിട്ടപ്പെടുത്താൻ സാധിക്കാത്തതുപോലെയും അത് അവസാനമില്ലാതെ തുടരുന്നതായി തോന്നുമെങ്കിലും അതിനെ നിർജ്ജീവപ്പെടുത്താൻ ബുദ്ധൻ പഠിപ്പിച്ച ജ്ഞാനബോധന മാർഗ്ഗങ്ങൾക്ക് നിഷ്പ്രയാസം സാധിക്കും; അവ ആ നിലയിൽ പരസ്പര പൂരകങ്ങളാണ്. ജ്ഞാനവും കാരുണ്യവും അജ്ഞത മാറ്റുവാനുള്ള ശരിയായമാർഗ്ഗം കാണിച്ചുതരുവാൻ പ്രാപ്തമായ ഏറ്റവും ഉത്തമമായ ബുദ്ധമാർഗ്ഗങ്ങളാണ്.

ലൗകിക ജീവിതം ഉപേക്ഷിച്ച് സന്യാസ ജീവിതം ആരംഭിക്കുവാൻ തീരുമാനിച്ചപ്പോൾ ശ്രീബുദ്ധൻ നാല് പ്രധാന പ്രതിജ്ഞകൾ എടുത്തു (1) എല്ലാജനങ്ങളെയും സഹായിക്കുവാൻ ശ്രമിക്കുക; (2) ജീവിതസുഖങ്ങളെയും പ്രലോഭനങ്ങളെയും ഉപേക്ഷിക്കുക; 3) എല്ലാ പ്രബോധനങ്ങളും ഉപദേശങ്ങളും പഠിക്കുക; (4) ജ്ഞാനദൃഷ്ടിയിലുടെ നിർവ്വാണം സാദ്ധ്യമാക്കുക. ഈ പ്രതിജ്ഞകളെ അന്വർത്ഥമാക്കുന്നതുപോലെയാണ് ബുദ്ധന്റെ സ്നേഹവും കാരുണ്യവും അനുഭവപ്പെടുന്നത്.

3. ഭഗവാൻ ബുദ്ധൻ അഹിംസയുടെ പാഠങ്ങൾ ആദ്യം സ്വയം പഠിച്ചു. ജീവജാലങ്ങളെ കൊന്നൊടുക്കുന്നതിനെതിരെ സംസാരിച്ചു. ശ്രീബുദ്ധന്റെ അഭിപ്രായത്തിൽ ഈ ലോകത്തിൽ ഒരോ ജീവിക്കും പ്രകൃതി അനുവദിച്ചുകൊടുത്തിട്ടുള്ള അത്രയും ദീർഘമായ ജീവിതം ദുഃഖങ്ങളുടെ അധിനിവേശമില്ലാതെ അനുഭവിക്കുവാൻ അവകാശമുണ്ട്.

അദ്ദേഹം മോഷണവും ചൂഷണവും ചെയ്യാതിരിക്കുവാൻ സ്വയം ശീലിച്ചു. അതുപോലെതന്നെ എല്ലാമനുഷ്യർക്കും തങ്ങളുടെ എല്ലാ ജീവിതാവശ്യങ്ങളും സുഗമമായി നിറവേറ്റുവാനുള്ള ധനവും മറ്റ് വസ്തുക്കളും ഉണ്ടാകണമെന്നു വളരെ കാര്യമായി ആഗ്രഹിച്ചു. അത് സാധ്യമാക്കുന്നതിനുള്ള വഴികൾ വളരെകാര്യമായി തന്റെ ശിഷ്യരെയും അധികാരസ്ഥാനത്തുള്ള മറ്റുള്ളവരെയും തന്റെ പ്രബോധനങ്ങളിലൂടെ അറിയിച്ചു.

അദ്ദേഹം വ്യഭിചാരം, പരസ്ത്രീഗമനം തുടങ്ങിയ തെറ്റുകൾ ചെയ്യാതിരിക്കുവാൻ സ്വയം ശ്രമിക്കുകയും അതിൽ വിജയിക്കുകയും ചെയ്തു. ബുദ്ധഭഗവാന്റെ അഭിപ്രായത്തിൽ എല്ലാമനുഷ്യരും നൈർമല്യത്തിന്റെയും ആത്മശുദ്ധിയുടെയും മാർഗ്ഗത്തെ മുൻനിർത്തി ജീവിക്കുകയും അതുമൂലം തീക്ഷ്ണമായ ജീവിതാഗ്രഹങ്ങളിൽ നിന്നും രക്ഷനേടുകയും ചെയ്യണം.

ശ്രീബുദ്ധൻ സ്വയം അദ്ദേഹത്തിന്റെ ഉന്നതമായ ആശയങ്ങളിൽ ഉറച്ചു നിൽക്കുവാൻ തന്നെത്തന്നെ പരിശീലിപ്പിച്ചു. എല്ലാ വിധത്തിലുമുള്ള തെറ്റുകളിൽനിന്നും മാറിനില്ക്കുവാനുള്ള ഉൾക്കരുത്ത് സാധാരണജനങ്ങൾക്ക് ഉണ്ടാകണമെന്ന് ആഗ്രഹിച്ചതിനാൽ അവരെ സത്യം പറയുവാനും തിന്മയുടെ മാർഗ്ഗങ്ങളെ നിക്ഷേധിക്കുവാൻ പ്രാപ്തമാക്കുന്നവിധത്തിലുള്ള പ്രബോധനങ്ങൾ നല്കി അനുഗ്രഹിച്ചു.

അദ്ദേഹം ജനങ്ങളെ സരളമായ ഭാഷയിൽ വ്യംഗ്യാർത്ഥപ്രയോഗങ്ങളുടെ അതിപ്രസരമില്ലാതെ സംസാരിക്കുവാൻ പരിശീലിപ്പിച്ചു. അതുപോലെതന്നെ സാധാരണജനങ്ങൾ സന്തോഷത്തോടും സാഹോദര്യത്തോടും ജീവിക്കണമെന്ന് ആത്മാർത്ഥമായി ആഗ്രഹിച്ചു.

**നിത്യവും വാഴ്ത്തപ്പെടുന്ന ബുദ്ധൻ**

അദ്ദേഹം മറ്റുള്ളവരെ അപമാനിക്കാതെ എല്ലാവരോടും ബഹുമാനപൂർവ്വം പെരുമാറുവാൻ തന്നെത്തന്നെ പരിശീലിപ്പിച്ചു. അത് ജനങ്ങളെ അവസരോചിതമായി പഠിപ്പിക്കുക വഴി അവരെ മനഃശാന്തിയോടും പരസ്പരസാഹോദര്യത്തോടും ജീവിതം നയിക്കുവാൻ സഹായിച്ചു.

ബുദ്ധഭഗവാൻ എപ്പോഴും അടിസ്ഥാനരഹിതവും വ്യർത്ഥവുമായ സംഭാഷണരീതിയിൽനിന്ന് ഒഴിഞ്ഞുമാറി തന്റെ കൃത്യനിർവ്വഹണം നടത്തുവാൻ സ്വയം പരിശീലിച്ചു, അത്തരം പരിശീലനങ്ങൾ വഴി എല്ലാവരും അനുഗ്രഹത്തിന്റെയും കാരുണ്യത്തിന്റെയും ഊഷ്മളത അനുഭവിക്കണമെന്ന് ആഗ്രഹിച്ചു.

വസ്തുക്കൾ സമ്പാദിക്കുന്നതിനു വേണ്ടിയുള്ള അമിതാഗ്രഹത്തിൽ നിന്ന് ഒഴിഞ്ഞു നില്ക്കുവാൻ അദ്ദേഹം സ്വയം തന്നെത്തന്നെ പരിശീലിപ്പിച്ചു. അങ്ങനെ സിദ്ധിക്കുന്ന അനുഭവത്തിൽ നിന്ന് എല്ലാ മനുഷ്യരും ശാന്തിയും സമാധാനവും ആർജ്ജിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു.

ദ്വേഷം തുടങ്ങിയ കഠിന വികാരങ്ങൾക്ക് അടിമപ്പെടാതിരിക്കുവാൻ ധ്യാനത്തിലൂടെ സ്വയം തയ്യാറെടുത്തു. കഠിനമായ വികാരങ്ങൾക്കടിമപ്പെടാതെ എല്ലാ മനുഷ്യരും സ്നേഹത്തിലും സാഹോദര്യത്തിലും ജീവിക്കണമെന്ന് ആത്മാർത്ഥമായി ആഗ്രഹിച്ചു.

ആദ്ദേഹത്തിന്റെ നിരന്തരമായപരിശീലനവും ധ്യാനവും അദ്ദേഹത്തെ അജ്ഞതയിൽനിന്ന് മോചിതനാക്കുവാൻ സഹായിച്ചു. വസ്തുതകൾക്കുപിന്നിലുള്ള കാരണങ്ങളെ മനസ്സിലാക്കി അവയുണ്ടാക്കിയേക്കാവുന്ന പ്രശ്നങ്ങളിൽ നിന്നും വൈരുദ്ധ്യങ്ങളിൽ നിന്നും എല്ലാമനുഷ്യരും രക്ഷനേടണമെന്ന് ബുദ്ധഭഗവാൻ ഇച്ഛരിച്ചു.

എല്ലാമനുഷ്യരും കാരുണ്യത്തിന്റെ ഊഷ്മളതയും സ്നേഹവുമനുഭവിക്കണമെന്നും അതുവഴി എല്ലാവരും സന്തോഷദായകമായജീവിതം നയിക്കണമെന്നും ഭഗവാൻ അത്മാർത്ഥമായി ആഗ്രഹിച്ചു. ആ സ്നേഹവും കാരുണ്യവും മാതാപിതാക്കൾക്ക് കുട്ടികളോടുള്ള തുപോലെ ഉത്തവാദിത്വം നിറഞ്ഞതും ഊഷ്മളതാഭരിതവുമായിരുന്നു. ജീവിത ദുഃഖങ്ങളിൽ നിന്നുള്ള മോചനവും ജീവിത സാഹചര്യങ്ങളെ വിജയകരമായി നേരിടുന്നതിനുമുള്ള തന്റേടവും ജനനമരണങ്ങൾ ഉണ്ടാക്കിയേക്കാവുന്ന വേദനയിൽ നിന്ന് രക്ഷനേടുവാൻ ശക്തിനൽകുന്ന മാർഗ്ഗങ്ങൾ വളരെ സരളമായ ഭാഷയിൽ സാധരണമനുഷ്യർക്ക് അദ്ദേഹം ഉപദേശിച്ചുകൊടുത്തു.

# II
# ഭഗവാൻ ബുദ്ധൻ ഉപദേശിച്ച മോചനത്തിന്റെയും ആശ്വാസത്തിന്റെയും മാർഗ്ഗങ്ങൾ

1. സാധാരണ ജനങ്ങൾക്ക് ബുദ്ധദർശനത്തിന്റെ അന്തഃസത്ത സാധാരണ രീതിയിൽ മനസ്സിലാക്കുവാൻ ബുദ്ധിമുട്ടുള്ളതുകൊണ്ട്, ബുദ്ധഭഗവാൻ ഈ ലോകത്തിലവതരിക്കുകയും സാധാരണജനങ്ങൾക്ക് അതിന്റെ അന്തഃസത്ത സ്വയം നേരിട്ട് വിവരിച്ചു കൊടുക്കുകയും ചെയ്തു.

ഒരിക്കൽ ബുദ്ധൻ ഇങ്ങനെയൊരു കഥ വിവരിച്ചു, '' ഒരിക്കൽ ധനികനായ ഒരു വ്യക്തി തന്റെ യാത്രകഴിഞ്ഞു വരുന്ന സമയത്ത് തന്റെ വീടിന് തീ പിടിച്ചുകൊണ്ടിരിക്കുന്നതു കണ്ടു; അതുകണ്ട് പരിഭ്രാന്തനായ അയാൾ കളിയിൽ മുഴുകിയിരുന്ന തന്റെ കുട്ടികളെ ഓടി രക്ഷപെടുവാൻ കേണാവശ്യപ്പെട്ടു. പക്ഷെ കുട്ടികൾ അതുകേൾക്കാത്തമട്ടിൽ തുടർന്നും കളിച്ചു കൊണ്ടിരുന്നു.

''കുട്ടികളുടെ സ്വന്തം അവസ്ഥയെപ്പറ്റിയുള്ള അശ്രദ്ധയും കളിയിലുള്ള വ്യഗ്രതയും മനസ്സിലാക്കിയ പിതാവ്, അവരോട് താൻ അവർക്കായി നല്ല കളിപ്പാട്ടങ്ങൾ കൊണ്ടുവന്നിട്ടുണ്ടെന്നു പറയവെ അതുകേട്ട് കളിപ്പാട്ടങ്ങളോടുള്ള താല്പര്യംകൊണ്ട് കത്തിക്കൊണ്ടിരുന്ന വീട്ടിൽ നിന്ന് വളരെ വേഗം പുറത്തുവന്നു. ''

ഈ ലോകം ഒരു കത്തികൊണ്ടിരിക്കുന്ന വീടാണ്. സാധാരണജനങ്ങൾ ആ കുട്ടികളെപ്പോലെ ഈ പരമസത്യം മനസ്സിലാക്കാതെ അജ്ഞതയിലാണ് ജീവിക്കുന്നത്. അതുകൊണ്ടുതന്നെ അവർ ഒരുവലിയ വിപത്തിന്റെ നടുവിലാണ് ജീവിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ബുദ്ധന്റെ കാരുണ്യം അവർക്ക് ആ വലിയ വിപത്തിൽ നിന്നു രക്ഷപ്രാപിക്കുവാനുള്ള മാർഗ്ഗങ്ങൾ കാണിച്ചുകൊടുക്കുന്നു.

2. ബുദ്ധൻ മറ്റൊരു കഥയിലൂടെ ഈ വസ്തുത കൂടുതൽ സുവ്യക്തമാക്കി. ''ഒരിക്കൽ ഒരിടത്ത് ധനികനായൊരു വ്യക്തി ജീവിച്ചിരുന്നു. അദ്ദേഹത്തിന്റെ പുത്രൻ ഒരിക്കൽ പിതാവിനോട് കലഹിച്ച് സ്വഗൃഹം ഉപേക്ഷിച്ച് പോകുകയും, തന്മൂലം വളരെ കഠിന ദാരിദ്ര്യത്തിൽ ജീവിക്കേണ്ടതായും വന്നു.

''സ്വപുത്രനെത്തേടി യാത്രതിരിച്ച പിതാവ് തന്റെ ഉദ്യമത്തിൽ പരാജയപ്പെടുകയും അവനെ കണ്ടുപിടിക്കാൻ സാധിക്കാതെ അലഞ്ഞുതിരിഞ്ഞ് ആ ഉദ്യമം ഉപേക്ഷിക്കുകയും ചെയ്തു. അദ്ദേഹം തനിക്കു പറ്റുന്ന എല്ലാമാർഗ്ഗത്തിലും പുത്രനെ കണ്ടുപിടിക്കാൻ ശ്രമിച്ചെങ്കിലും അതിൽനിന്നൊന്നും ഒരു ഫലവും ഉണ്ടായില്ല. ''

''വർഷങ്ങൾക്ക് ശേഷം ദരിദ്രനും ദുഃഖിതനുമായ പുത്രൻ പിതാവു താമസിക്കുന്ന ദേശത്തിനു സമീപത്തിൽ വന്നു.

''പിതാവ് തന്റെ പുത്രനെ വളരെ വേഗം തിരിച്ചറിയുകയും അതനുസരിച്ച് തന്റെ ഭൃത്യന്മാരോട് പുത്രനെ സ്വഗൃഹത്തിലേയ്ക്ക് കൂട്ടികൊണ്ടു വരുവാൻ ആവശ്യപ്പെട്ടു. എന്നാൽ വളരെ വർഷങ്ങൾക്കുശേഷം തിരിച്ചുവന്ന പുത്രന് തന്റെ പിതവിനെയോ ഭൃത്യന്മാരെയോ മനസ്സിലാക്കുവാൻ സാധിച്ചില്ല. അവന് ആ ഭൃത്യന്മാർ അവനെ കളിയാക്കുന്നുവെന്നു തോന്നിയതിനാൽ സ്വഗൃഹത്തിലേയ്ക്ക് തിരിച്ചുവരുന്നതിൽ നിന്ന് ഒഴിഞ്ഞുമാറി.

'' മകന്റെ യഥാർത്ഥ പ്രശ്നം മനസ്സിലാക്കിയ പിതാവ് തന്റെ ഭൃത്യന്മാരോട് പുത്രന് ആദ്ദേഹത്തിന്റെ വലിയ മാളികയിൽ ഒരു ജോലി വാഗ്ദാനം ചെയ്തു കൂട്ടികൊണ്ടുവരുവാൻ ആവശ്യപ്പെട്ടു. ആ വാഗ്ദാനത്തിൽ സന്തോഷവാനായ പുത്രൻ താല്പര്യപൂർവ്വം തന്റെ സ്വന്തം പിതാവിന്റെ വീട്ടിൽ ജോലിക്കാരനായി വന്നുചേർന്നു.

'' പിതാവും പുത്രനും പരസ്പരം അന്യോന്യം വളരെ അടുത്തു, ആ പിതാവ് പുത്രന് പതുക്കെ തന്റെ സ്വത്തിന്റെയെല്ലാം നിയന്ത്രണം ഏല്പിച്ചു കൊടുത്തു, എന്നിട്ടും സ്വപിതാവിനെ തിരിച്ചറിയുവാൻ ആ പാവം പുത്രന് കഴിഞ്ഞില്ല.

'' പക്ഷെ പിതാവ് തന്റെ പുത്രന്റെ പെരുമാറ്റത്തിലും വിശ്വസ്തതയിലും കഴിവിലും വളരെ സന്തുഷ്ടനായിരുന്നു. മരണം

അടുത്തുവന്നുകൊണ്ടിരുന്നപ്പോൾ സുഹൃത്തുക്കളെയും ബന്ധുജനങ്ങളെയും അടുത്തു വിളിച്ച് ഇങ്ങനെ പറഞ്ഞു, 'ഇവൻ എന്റെ പ്രിയ പുത്രനാണ്. ഞാൻ വർഷങ്ങളായി തിരഞ്ഞുകൊണ്ടിരുന്ന എന്റെ സ്വന്തം പുത്രൻ. ഇന്നു മുതൽ എന്റെ സർവസ്വത്തുക്കൾക്കും ഇവനാണവകാശി .''

''പിതാവിന്റെ ഈ വെളിപ്പെടുത്തൽ കേട്ട് അത്ഭുതപരവശനായ പുത്രൻ തന്റെ പിതാവിന്റെ സ്നേഹത്തിലും കാരുണ്യത്തിലും തികച്ചും അഭിമാനംകൊണ്ടു. അവൻ ഇങ്ങനെ പറഞ്ഞു: 'ഞാൻ എന്റെ പിതാവിനെ തിരിച്ചറിയുക മാത്രമല്ല എനിക്കവകാശപ്പെട്ട ആസ്തിമുഴുവനും തിരിച്ചു നേടുകയും ചെയ്തു.''

ഈ കഥയിൽ വിവരിച്ചിരിക്കുന്ന ധനികനായ പിതാവിനെപ്പോലെയണ് ശ്രീബുദ്ധൻ. സ്വയിഷ്ടപ്രകാരം കുടുംബത്തിൽ നിന്നും പുറപ്പെട്ടുപോയി ലക്ഷ്യമില്ലാതെ അലഞ്ഞു തിരിഞ്ഞു നടന്നിരുന്ന പുത്രനോട് ഈ ലോകജനതയെ ഉപമിക്കാം. എന്നാൽ ബുദ്ധസ്നേഹവും കാരുണ്യവും ഒരു പിതാവിന് തന്റെ ഏക പുത്രനോടുണ്ടാകാവുന്ന താല്പര്യത്തിനും മമതക്കും തുല്യമാണ്. ഉൽക്കൃഷ്ടമായ ആ സ്നേഹം ദുരിതം അനുഭവിക്കുന്ന ജനങ്ങൾക്ക്, ഏറ്റവും നല്ല രീതിയിൽ, രക്ഷാമാർഗ്ഗവും മോചനമാർഗ്ഗവും പ്രദാനം ചെയ്ത് അനുഗ്രഹിക്കുന്നു.

3. എങ്ങനെ മഴ സസ്യലതാദികളിൽ ക്രമമായി പതിക്കുന്നുവോ, അതുപോലെ ബുദ്ധസ്നേഹവും കാരുണ്യവും എല്ലാവരിലും ഒരുപോലെ ക്രമമായി പതിക്കുന്നു. അങ്ങനെതന്നെ വ്യത്യസ്തങ്ങളായ വൃക്ഷലതാദികൾ മഴയിൽ നിന്ന് വ്യത്യസ്തങ്ങളായ ഗുണങ്ങൾ സ്വീകരിക്കുന്നുവോ, അതുപോലെ ആ സ്നേഹ പ്രവാഹത്തിനു പാത്രീഭവിക്കുന്ന ജനങ്ങളും വ്യത്യസ്തങ്ങളായ ഫലങ്ങൾ സിദ്ധിക്കുവാൻ പ്രാപ്തരായി തീരുന്നു.

4. മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ എല്ലാവരെയും തുല്യമായി സ്നേഹിക്കുന്നുവെങ്കിലും, രോഗബാധിതനായ കുട്ടിക്ക് അവരിൽ നിന്നും പ്രത്യേക സ്നേഹവും കൂടുതൽ പരിലാളനയും ശ്രദ്ധയും ലഭിക്കുന്നു.

ഭഗവാൻ ബുദ്ധന്റെ സ്നേഹവും അതുപോലെ എല്ലാവരിലും തുല്യമായി ഭവിക്കപ്പെടുന്നുവെങ്കിലും, അത് അജ്ഞതയുടെ അന്ധകാരത്തിൽ വീണ് കഠിനമായ ദുഃഖത്തിൽ വലയുന്നവരുടെയിടയിലേക്ക് മാതാപിതാക്കളുടെ പ്രത്യേകസ്നേഹംപോലെ അത് നിരുപാധികം പ്രവഹിക്കുന്നു.

**നിത്യവും വാഴ്ത്തപ്പെടുന്ന ബുദ്ധൻ**

കിഴക്കുദിച്ച് പടിഞ്ഞാറ് അസ്തമിക്കുന്ന സൂര്യൻ എല്ലാസ്ഥലങ്ങളെയും തന്റെ കിരണങ്ങൾ കൊണ്ട് പ്രകാശിപ്പിക്കുകയും, ഒരു വിവേചനവും കൂടാതെ എല്ലാ ദേശങ്ങളെയും തന്റെ പ്രകാശവും ഊർജ്ജവും നല്കി അനുഗ്രഹിക്കുകയും ചെയ്യുന്നു; ബുദ്ധഭഗവാന്റെ സ്നേഹവും കാരുണ്യവും സൂര്യപകാശംപോലെ എല്ലാവരെയും അനുഗ്രഹിക്കുന്നു, അത് മനുഷ്യരെ സത്യത്തിന്റെ മാർഗ്ഗത്തിൽ ജീവിക്കുവാൻ പ്രേരിപ്പിക്കുന്നതിനൊടൊപ്പം അജ്ഞതയാകുന്ന ഇരുട്ടിൽ നിന്ന് അറിവിന്റെ മാർഗ്ഗത്തിലൂടെ നിത്യമായ ജ്ഞാനത്തിലേയ്ക്കും അതിലൂടെ നിർവ്വാണത്തിലേയ്ക്കും നയിക്കുന്നു.

ബുദ്ധൻ ബുദ്ധിമുട്ടുന്ന ജനങ്ങൾക്ക് ഒരു പിതാവിനെപ്പോലെ കാരുണ്യവും മാതാവിനെപ്പോലെ സ്നേഹപരിലാളനകളും നല്കുന്നു. സാധാരണജനങ്ങൾ അവരുടെ അജ്ഞതയും അതുമൂലമുണ്ടാകുന്ന ലൗകികസുഖങ്ങളോടുള്ള അമിതമായപ്രതിപത്തിയും കാരണം സ്വയം മെനഞ്ഞെടുത്ത ഒരു ബന്ധനത്തിലാണ് ജീവിക്കുന്നത്. ആ ബന്ധനത്തിന്റെ നിയന്ത്രണത്തിൽ അവർ എപ്പോഴും അഹങ്കാരത്തിന്റെയും സ്വാർത്ഥതയുടെയും പരിധിയിലാണ് ജീവിതത്തെ വീക്ഷിക്കുന്നത്. ആ ബന്ധനത്തിന്റെ പിടിയിൽ നിന്ന് രക്ഷപ്പെടുവാൻ കാരുണ്യത്തിന്റെ പ്രതിചരായമാത്രമുള്ള ബുദ്ധസ്നേഹത്തിനുമാത്രമെ സാധിക്കുകയുള്ളൂ. അത് എല്ലാ ജീവജാലങ്ങളെയും ഒരുപോലെ സ്നേഹിക്കുകയും അവയുടെ മോചനത്തിന് വേണ്ടുന്ന ശരിയായ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നു.

## III
## അനശ്വരനായ ബുദ്ധൻ

1. ലോകജനതയുടെ കാഴ്ചപ്പാടിലും അറിവിലും ബുദ്ധഭഗവാൻ ഒരു രാജകുമാരനായി ജനിക്കുകയും. സന്യാസജീവിതം സ്വീകരിച്ച് മോചനം സിദ്ധിക്കുന്നതിനുവേണ്ടിയുള്ള മാർഗ്ഗങ്ങൾ സ്വായത്തമാക്കി ജ്ഞാനംസിദ്ധിച്ച് ബുദ്ധനായിത്തീരുകകയും ചെയ്തു. എന്നാൽ യഥാർത്ഥത്തിൽ ബുദ്ധൻ ലോകമുണ്ടായകാലംമുതൽ ആദിമദ്ധ്യാന്തമില്ലാതെ ഒരിക്കലും നാശമില്ലാത്ത ഒരു അതുല്യ പ്രതിഭാസമാണ്.

അനശ്വരനും അമരനുമായ ബുദ്ധൻ എല്ലാ മനുഷ്യരെയും അറിയുകയും അവർക്ക് ആവശ്യാനുസരണം അവരുടെ ബുദ്ധിശക്തിയെ അടിസ്ഥാനപ്പെടുത്തി തക്കതായ ഉപദേശങ്ങൾ നൽകുകയും ചെയ്യുന്നു.

ബുദ്ധനെപ്പൊലെതന്നെ അദ്ദേഹം പഠിപ്പിച്ച ബുദ്ധധർമ്മവും നിത്യമാണ്, അതിന് ഒരിക്കലും നാശമില്ല. അദ്ദേഹത്തിന്റെ ജ്ഞാനദൃഷ്ടിയാൽ ലോകത്തിലുള്ള എല്ലാവസ്തുക്കളുടെയും യഥാർത്ഥ പൊരുൾ മനസ്സിലാക്കുവാൻ സാധിക്കുന്നതിനൊടൊപ്പം അവയുടെ അന്തഃസത്ത കൃത്യമായി മറ്റുള്ളവർക്ക് വിവരിച്ചുകൊടുക്കുവാനും സാധിക്കുന്നു.

തീർച്ചയായും ലോകത്തിലുള്ള എല്ലാവസ്തുക്കളെയും അവയുടെ യഥാർത്ഥരീതിയിൽ മനസ്സിലാക്കുവാൻ ബുദ്ധിമുട്ടുണ്ട്. അവ പ്രഥമദൃഷ്ടിയാൽ സത്യവും നിത്യവുമായി തോന്നുമെങ്കിലും, യഥാർത്ഥത്തിൽ സത്യമോ നിത്യമോ അല്ല. മറിച്ച് പ്രതിവാദപ്രകാരം അവ അനിത്യവും അസത്യവുമായി തോന്നുമെങ്കിലും അവ അനിത്യമോ അസത്യമോ അല്ല. അജ്ഞാനികളായ മനുഷ്യർക്ക് ഈ ലോകത്തെ വ്യക്തമായി മനസ്സിലാക്കുവാൻ ബുദ്ധിമുട്ടാണ്. അവർ ആദ്യം അവരുടെ അജ്ഞാനം മാറ്റണം.

ബുദ്ധനു മാത്രമേ ലോകത്തെ അതിന്റെ യഥാർത്ഥ അർത്ഥത്തിൽ മനസ്സിലാക്കുവാൻ സാധിക്കുകയുള്ളു. അതുകൊണ്ട് അദ്ദേഹം ഭൂമിയിലെ പ്രതിഭാസങ്ങളെ സത്യമെന്നോ അസത്യമെന്നോ തരംതിരിച്ച് വിലയിരുത്തിയിട്ടില്ല.

ഇതിനെക്കുറിച്ച് ബുദ്ധൻ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു, '' എല്ലാ മനുഷ്യരും അവരുടെ ബുദ്ധിശക്തിയ്ക്കും പ്രകൃതിയ്ക്കും കർമ്മശേഷിക്കുമനുസരിച്ച് നന്മയെ വളർത്തിയെടുക്കണം. ബുദ്ധോപദേശങ്ങൾ ആ അസ്തിത്വവാദങ്ങളെയോ അല്ലെങ്കിൽ പ്രതിവാദമായ നാസ്തിത്വവാദത്തെയോ സാധൂകരിക്കുന്നില്ല; ബുദ്ധധർമ്മം അവ രണ്ടിനുമതീതമാണ്.

2. ഭഗവാൻ ബുദ്ധൻ തന്റെ ഉപദേശങ്ങൾ വെറും വാക്കുകൾ മുഖേന മാത്രമല്ല, തന്റെ ജീവിതരീതിയിലൂടെകൂടിയുമാണ് സുവ്യക്തമാക്കിയിരുന്നത്. ആ ജീവിതം ആദിമദ്ധ്യാന്തമില്ലാതെ നിത്യമാണെങ്കിലും സാധാരണജനങ്ങളുടെ അഹങ്കാരത്തെ നശിപ്പിക്കുന്നതിനും അവരുടെ അമിതാഗ്രഹം ശമിപ്പിക്കുന്നതിനും വേണ്ടി അദ്ദേഹം ഭൗതികജീവതത്തിൽ ജനിച്ചുജീവിച്ച് മരിക്കുന്നതായി പ്രത്യക്ഷത്തിൽ കാണിക്കുന്നു.

'' ഒരു വൈദ്യൻ തന്റെ ഗൃഹത്തിൽ നിന്ന് കുറച്ചു കാലത്തേയ്ക്ക് മാറിനിന്നു. ഇക്കാലത്തിനിടയ്ക്ക് സന്ദർഭവശാൽ അദ്ദേഹത്തിന്റെ കുട്ടികൾ ഏതോ വിഷം എടുത്തു കഴിയ്ക്കുവാനിടയാകുകയും തന്മൂലം രോഗബാധിതരായിത്തീരുകയും ചെയ്തു. വീട്ടിൽ തിരിച്ചുവന്ന

വൈദ്യൻ തന്റെ കുട്ടികൾ ചെയ്ത അബദ്ധം മനസ്സിലാക്കുകയും ആ വിഷത്തിന്റെ പ്രഭാവത്തെ നശിപ്പിച്ച് അവരെ രോഗവിമുക്തമാക്കാൻ കെല്പുള്ള ഒരു മറുമരുന്നുണ്ടാക്കി കൊടുക്കുകയും ചെയ്തു. അധികം രോഗബാധിതരല്ലാത്ത കുട്ടികൾ അതുകഴിയ്ക്കുകയും വളരെ വേഗം സുഖം പ്രാപിക്കുകയും ചെയ്തു. പക്ഷെ മറ്റു ചിലകുട്ടികൾ തങ്ങളുടെ നിഷേധബുദ്ധിമൂലം ആ മറുമരുന്ന് കഴിയ്ക്കുവാൻ കൂട്ടാക്കിയില്ല.

അദ്ദേഹത്തിന്റെ പിതൃസ്നേഹം തന്റെ കുട്ടികളുടെ നിഷേധബുദ്ധിയും അനുസരണ ഇല്ലായ്മയും വ്യക്തമായി മനസ്സിലാക്കി. ഭിഷഗ്വരനായ ആ പിതാവ് ചില കഠിന തീരുമാനങ്ങൾ എടുക്കുവാൻ തീരുമാനിച്ചു. അദ്ദേഹം തന്റെ കുട്ടികളോട് പറഞ്ഞു, ഞാൻ ഒരു നീണ്ട യാത്രയ്ക്ക് പോകുകയാണ്, വാർദ്ധക്യവും അനാരോഗ്യവും എന്നെ വളരെ ക്ഷീണിതനാക്കിയിരിയ്ക്കുന്നു, ഏതുസമയത്തും ഞാൻ മരിച്ചുപോകാം, ഞാൻ നിങ്ങളൊടൊപ്പം ഉള്ളപ്പോൾ എനിക്ക് നിങ്ങളുടെ കാര്യങ്ങൾ ശ്രദ്ധിയ്ക്കാം, പക്ഷെ ഞാൻ ഇല്ലെങ്കിൽ ആര് നിങ്ങളുടെ കാര്യങ്ങ്ൾ ശ്രദ്ധിയ്ക്കും. വിഷബാധിതരായ നിങ്ങൾ ദിനംപ്രതി ആരോഗ്യനില മോശമായി കഷ്ടപ്പെടും. അതുകൊണ്ട് എന്റെ മരണവാർത്ത കേട്ടാൽ നിങ്ങൾ ഈ മരുന്നുപയോഗിച്ച് സ്വയം രക്ഷപെടുവാൻ നോക്കൂ, അല്ലെങ്കിൽ പരസാഹായമില്ലാതെ നിങ്ങൾ കഷ്ടപ്പെട്ട് നശിച്ചുപോകും എന്നു പറഞ്ഞ് ആ പിതാവ് അവിടെനിന്നു യാത്രപുറപ്പെട്ടു. കുറച്ചു കാലത്തിനുശേഷം തന്ത്രശാലിയായ ആ പിതാവ് തന്റെ കുട്ടികളുടെ അടുത്തേയ്ക്ക് തന്റെ മരണവാർത്ത ഒരു ദൂതൻ മുഖേന അറിയിച്ചു.

സ്വന്തം പിതാവിന്റെ മരണവാർത്ത ആ കുട്ടികളെ തങ്ങൾക്കു കിട്ടിയിരുന്ന സംരക്ഷണം നഷ്ടപ്പെടുമെന്ന ഭയം വളരെ വിഷമിപ്പിച്ചു. വിഷാംശംമൂലം രോഗബാധിതരായ അവർക്ക് അപ്പോഴാണ് പിതാവ് യാത്രപുറപ്പെടുന്നതിനുമുമ്പു നൽകിയ ഉപദേശം ഓർമ വന്നത്. തങ്ങളുടെ ശരിക്കുമുള്ള നിസ്സഹായവസ്ഥ മനസ്സിലാക്കിയ നിഷേധികളും താന്തോന്നികളുമായ ആ കുട്ടികൾ പിതാവിന്റെ ഉപദേശാനുസരണം അദ്ദേഹം നൽകിയ മരുന്ന് കഴിയ്ക്കുകയും തുടർന്ന് സുഖം പ്രാപിയ്ക്കുകയും ചെയ്തു.

ആരും ഈ പിതാവിന്റെ കഠിനമായ പ്രവൃത്തിയെ പഴിയ്ക്കുകയില്ല. സാധാരണമനുഷ്യർ താന്തോന്നികളായ ഈ കഥയിലെ കുട്ടികളെപ്പോലെ ജീവിതസുഖങ്ങളുടെ പിറകെ ഭ്രാന്തമായി സഞ്ചരിയ്ക്കുകയും അറിയാതെ അമിതാഗ്രഹം എന്ന വിഷം കഴിയ്ക്കുകയും അതിനെ സ്വന്തം ശരീരത്തിൽ കൊണ്ടുനടക്കുന്നവരുമാണ്. ബുദ്ധധർമ്മം നല്കുന്ന മറുമരുന്നു കഴിയ്ക്കുവാൻ ആരും തയ്യാറല്ല. എന്നാൽ മനുഷ്യരാശിയോടുള്ള അനിതരസാധാരണമായ സ്നേഹവും കാരുണ്യവുംകൊണ്ട് ശ്രീബുദ്ധൻ ആ പിതാവിനെപ്പോലെ തന്ത്രപരമായ മാർഗ്ഗങ്ങൾ സ്വീകരിച്ച് അജ്ഞരും നിഷേധികളുമായ മനുഷ്യരെ അമിതാഗ്രഹമെന്ന വിഷബാധയിൽ നിന്ന് സംരക്ഷിയ്ക്കുന്നു.

## അദ്ധ്യായം മൂന്ന്

# ഭഗവാൻ ബുദ്ധന്റെ രൂപവും അദ്ദേഹത്തിന്റെ മഹത്വവും

## I
## ബുദ്ധശരീരത്തിന്റെ മൂന്നു ഭാവങ്ങൾ

1. ബുദ്ധനെ അദ്ദേഹത്തിന്റെ ശാരീരിക രൂപത്തിലോ ഭാവത്തിലോ നോക്കിക്കണുന്നതിൽ അർത്ഥമില്ല. രൂപഭാവങ്ങളിൽ ബുദ്ധനെക്കാണുവാൻ സാധിയ്ക്കുകയില്ല. യഥാർത്ഥ ബുദ്ധൻ ജ്ഞാനദൃഷ്ടിയിലും നിർവ്വാണത്തിലുമാണ് സ്ഥിതിച്ചെയ്യുന്നത്. നിർവ്വാണം സാധ്യമാക്കുന്നതാണ് ബുദ്ധനെ അറിയുവാനുള്ള ഏറ്റവും എളുപ്പമായ മാർഗ്ഗം.

ആരെങ്കിലും ബുദ്ധന്റെ സുന്ദരമായ രൂപം കണ്ടിട്ട് ബുദ്ധനെ അറിയും എന്ന് വീമ്പു പറയുകയാണെങ്കിൽ, അയാൾ മൂഢ ലോകത്തിലാണ് ജീവിക്കുന്നതെന്ന് കരുതണം. രൂപഭാവങ്ങളിലൂടെ ബുദ്ധനെ മനസ്സിലാക്കുവാൻ സാധിയ്ക്കുകയില്ല. വാക്കുകൾക്ക് വിവരിക്കുവാൻ സാധിക്കുന്നതിനു വെളിയിലാണ് ബുദ്ധന്റെ ഗുണങ്ങൾ. ബുദ്ധമെന്നത് വാക്കുകളുടെയോ മറ്റു വിവരണരീതികളുടെയോ പരിധിയിൽ ഒതുങ്ങിനില്ക്കുന്ന ഒന്നല്ല.

നമുക്ക് ബുദ്ധനെപ്പറ്റിയും അദ്ദേഹത്തിന്റെ രൂപഭാവങ്ങളെപ്പറ്റിയും സംസാരിക്കുവാൻ സാധിയ്ക്കുമെങ്കിലും അനശ്വരനും നിത്യനുമായ ബുദ്ധന് സ്ഥിരമായ ഒരു രൂപമോ ഭാവമോയില്ല. ബുദ്ധന്റെ ഗുണങ്ങളെപ്പറ്റി സംസാരിക്കുവാൻ സാധിയ്ക്കുമെങ്കിലും യഥാർത്ഥ ബുദ്ധൻ എല്ലാഗുണങ്ങൾക്കുമധീനനാണ്. എന്നാൽ ബുദ്ധന് ഏതു രൂപഭാവത്തിലും ഉത്തമ ഗുണത്തിലും പ്രത്യക്ഷപ്പെടുവാനും ജനിക്കുവാനും സാധിയ്ക്കും.

**ഭഗവാൻ ബുദ്ധന്റെ രൂപവും അദ്ദേഹത്തിന്റെ മഹത്വവും**

അതിനാൽ ഒരുവൻ ബുദ്ധന്റെ രൂപഭാവങ്ങളെയോ ഗുണമേന്മകളെയൊ മനക്കണ്ണിൽ ധ്യാനത്തിലുടെ കൊണ്ടുവരുകയും, ആ രൂപത്തോടും ഭാവത്തോടും ഗുണവൈശിഷ്ട്യങ്ങളോടും ഇതല്ല യഥാർത്ഥ ബുദ്ധമെന്നരീതിയിൽ അകൽച്ച കാത്തുസൂക്ഷിയ്ക്കുവാൻ സാധിയ്ക്കുകയും ചെയ്യുകയാണെങ്കിൽ അയാൾക്ക് ഗുണങ്ങൾക്കധീനനായ യഥാർത്ഥ ബുദ്ധനെ കാണുവാനും അറിയുവാനുമുള്ള സിദ്ധി ലഭിക്കും.

2. ബുദ്ധന്റെ ശരീരം നിർവ്വാണത്തിന്റെയും മോചനത്തിന്റെയും പ്രതീകമാണ്. വിവരണങ്ങൾക്കധീനമായ ആ ജ്യോതിസ് എന്നും നാശമില്ലാതെ നിലനിൽക്കുന്നു. മജ്ജയും മാംസവുംകൊണ്ട് നിർമ്മിതമല്ലാത്തതിനാൽ അതിനെ ഭക്ഷണം കൊണ്ട് പുഷ്ടിപ്പെടുത്തേണ്ടതില്ല. അത് ഒരു അനശ്വരപ്രതിഭാസമാണ്, അതിന്റെ അടിസ്ഥാനം പ്രജ്ഞയും വിവേകവുമാണ്. അതുകൊണ്ടുതന്നെ ബുദ്ധൻ ലോക ദുഃഖങ്ങൾക്കുറവിടമായ ഭയത്തിനോ രോഗങ്ങൾക്കോ വിധേയമല്ല.

അതുകൊണ്ട് ബുദ്ധൻ ഒരിക്കലും നമ്മിൽ നിന്ന് വേർപിരിഞ്ഞ് പോകുകയില്ല. നിർവ്വാണവും ജ്ഞാനവും നിലനില്ക്കുന്നിടത്തോളംകാലം ബുദ്ധനും നമ്മോടൊപ്പം നമുക്കൊരാശ്വാസമായും പ്രതീക്ഷയായും നിലനിൽക്കും. നിർവ്വാണം ഒരു പ്രകാശംപോലെ മനുഷ്യമനസ്സുകളെ വിവേകത്തിലേയ്ക്കും പ്രജ്ഞയിലേക്കും നയിയ്ക്കും. ഈ ലോകം ബുദ്ധന്റെ സാന്നിദ്ധ്യംകൊണ്ട് ധന്യമാണ്.

ആര് ഈ സത്യം മനസ്സിലാക്കി ജീവിക്കുന്നുവോ അവരാണ് ബുദ്ധഭഗവാന്റെ ഏറ്റവും അടുത്തതും പ്രിയപ്പെട്ടവരുമായ അനുയായികൾ. അവർക്ക് പിതാവിൽ നിന്ന് മക്കൾക്ക് കിട്ടുന്നതുപോലെയുള്ള സ്നേഹവും സംരക്ഷണവും എപ്പോഴും കിട്ടുന്നു. അവർ ബുദ്ധോപദേശങ്ങളുടെ കാവൽഭടന്മാരാണ്. അവർ ആ ആശയങ്ങൾക്കനുസരിച്ച് ജീവിക്കുകമാത്രമല്ല അത് വരുംതലമുറയ്ക്ക് പകർന്നു കൊടുക്കുകയും ചെയ്യുന്നു. ബുദ്ധൻ മനുഷ്യരാശിക്ക് ലഭിച്ചിട്ടുള്ളതിൽ ഏറ്റവും ഉൽകൃഷ്ടവും ശ്രേഷ്ടവുമായ അതിശയമാണ്, അനുഗ്രഹമാണ്.

3. ബുദ്ധശരീരത്തിന് മൂന്ന് ഭാവങ്ങളുണ്ട്. ഒന്നാമതായി ബുദ്ധവചനങ്ങളുടെയും ഉപദേശങ്ങളുടെയും അന്തഃസത്ത എന്ന് അർത്ഥം വരുന്ന ധർമകായ; രണ്ടാമതായി അവയുടെ ക്രിയാ ശക്തിയെന്നർത്ഥം വരുന്ന സംഭോഗകായ; മൂന്നാമതായി അവയുടെ സംപൂർത്തീകരണം എന്ന് അർത്ഥം വരുന്ന നിർമ്മാണകായ.

ധർമകായയെന്നത് ബുദ്ധന്റെ ഉപദേശങ്ങളുടെ മൂല്യവും അന്തഃസത്തയെയുമാണ് സൂചിപ്പിയ്ക്കുന്നത്. അത് സത്യത്തിന്റെ മൂല്യമാണ്. ധർമ്മകായമെന്നത് ബുദ്ധനെപ്പോലെ തന്നെ അവർണ്ണനീയമാണ്. അത് എവിടെനിന്നെങ്കിലും വരുകയൊ എവിടെക്കെങ്കിലും പോകുകയൊ ചെയ്യുന്നില്ല. നീലാകാശത്തെപ്പോലെ അത് എല്ലാത്തിനെയും ആവരണം ചെയ്തുനിൽക്കുന്നു. ധർമ്മകായ എല്ലാത്തിനെയും ചൂഴ്ന്നു നിൽക്കുന്നതിനാൽ എല്ലാത്തിനെയും ഉൾകൊള്ളുന്നു, ഒന്നിനെയും മാറ്റി നിർത്തുന്നില്ല.

അതിന്റെ നിലനിൽപ് ജനങ്ങളുടെ വിശ്വാസത്തെ അടിസ്ഥാനപ്പെടുത്തി മാത്രമല്ല. അതുപോലെ തന്നെ നാശവും ജനവിശ്വാസത്തെ അടിസ്ഥാനപ്പെടുത്തിയല്ല. ബുദ്ധന്റെ ധർമകായ മനുഷ്യന്റെ എല്ലാ ചിന്താപരിധികൾക്കും രീതികൾക്കും മുകളിലാണ്, അത് മനുഷ്യൻ ആഗ്രഹിക്കുമ്പോൾ പ്രത്യക്ഷപ്പെടുകയൊ, ആവശ്യമില്ലായെന്നുതോന്നുമ്പോൾ അപ്രത്യക്ഷമാകുകയൊ ചെയ്യുന്നില്ല. ബുദ്ധധർമം വിശ്വാസികളുടെ വിശ്വാസത്തിനും ആഗ്രഹത്തിനുമനുസരിച്ച് പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനമോ സ്ഥാപനമോ അല്ല.

ബുദ്ധശരീരം അതിന്റെ ലക്ഷണങ്ങൾകൊണ്ട് ലോകത്തിന്റെ എല്ലാ അവസ്ഥകളുമായി ചേർന്നുനിൽക്കുന്നു. അത് എല്ലായിടങ്ങളിലും എത്തിച്ചേരുന്നു. ജനങ്ങൾ അതിൽ വിശ്വാസമർപ്പിച്ചാലും ഇല്ലെങ്കിലും എന്നും അത് അനശ്വരമായി നിലനില്ക്കും.

4. സംഭോഗകായ സൂചിപ്പിക്കുന്നത് ബുദ്ധപ്രകൃതിയാണ്, അത് ബുദ്ധന്റെ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും സങ്കലനമാണ്. അത് അരൂപിയാണ്, ജനന മരണങ്ങളുടെ പ്രതീകങ്ങളിലൂടെ അത് വ്യക്തതനേടുന്നു. മനുഷ്യരാശിയുടെ നന്മയെ മുൻനിർത്തി അത് പരിശീലനങ്ങളിലൂടെയും ദൃഢനിശ്ചയങ്ങളിലൂടെയും സാക്ഷാൽക്കരിക്കപ്പെടുന്നു.

**ഭഗവാൻ ബുദ്ധന്റെ രൂപവും അദ്ദേഹത്തിന്റെ മഹത്വവും**

സംഭോഗകായത്തിന്റെ അന്തഃസത്തയെന്നത് കാരുണ്യമാണ്. ബുദ്ധൻ എല്ലാ വഴികളും മോചനം ആഗ്രഹിക്കുന്നവർക്കായി അനുവദിച്ചുകൊടുക്കുന്നു. ഒരു അഗ്നികണികപോലെ ഒരിക്കൽ കത്തുവാൻ ആരംഭിച്ചാൽ ഇന്ധനം തീരുന്നതുവരെ അത് അണയാതെ കത്തുന്നു. അതുകൊണ്ട് ബുദ്ധന്റെ കാരുണ്യ പ്രകാശനത്തെക്കുറിച്ച് ശങ്കവേണ്ട, അത് മനുഷ്യനിലെ ലൗകിക ജീവിതത്തോടുള്ള തൃഷ്ണ നശിക്കുന്നതുവരെ കത്തിനിൽക്കും. എങ്ങനെ കാറ്റ് പൊടിപടലങ്ങളെ നീക്കികളയുന്നുവോ അതുപോലെ സംഭോഗകായത്തിൽ നിലനില്ക്കുന്ന ബുദ്ധന്റെ കാരുണ്യം മനുഷ്യദുഃഖങ്ങളെ തൂത്തുമാറ്റി കളയുന്നു.

ബുദ്ധശരീരത്തിന്റെ ഭാഗമായ നിർമാണകായ പ്രതിനിധീകരിക്കുന്നത് ലോകരക്ഷയ്ക്കായി ഭഗവാൻ ബുദ്ധൻ ഉപയോഗിച്ച തന്റെ കഴിവുകളെയും രീതികളെയുമാണ്. ഭഗവാൻ സാധാരണമനുഷ്യർക്കു മനസ്സിലാകുന്നരീതിയിൽ അവരുടെ കഴിവുകൾക്ക് അനുയോജ്യമായി മനുഷ്യാവതാരം, ജനങ്ങളോടൊന്നിച്ചുള്ള ജീവിതം, അവരുടെ പ്രശ്നങ്ങൾക്ക് തക്കതായ പരിഹാരനിർദ്ദേശം നിർവ്വാണം സിദ്ധിച്ച് ബുദ്ധനാകുക തുടങ്ങിയ പ്രതിഭാസങ്ങളെ അടിസ്ഥാനപ്പെടുത്തിയാകുന്നു. ഈ വിധത്തിൽ നിർവചിക്കപ്പെട്ടിട്ടുള്ള ബുദ്ധൻ സ്വയം ജീവിതംനല്കുന്ന എല്ലാവഴികളിലൂടെയും, മരണത്തിലൂടെയും രോഗത്തിലൂടെപോലും, തന്റെ ഉദ്ദേശലക്ഷ്യം ജനങ്ങൾക്ക് മനസ്സിലാക്കികൊടുക്കുന്നു.

ബുദ്ധശരീരം യഥാർത്ഥത്തിൽ ഒരു ധർമ്മകായത്തെ അടിസ്ഥാനപ്പെടുത്തി നിർവചിക്കാവുന്നതാണ്. എന്നാൽ ജനങ്ങളുടെ നിലവാരം, അവരുടെ അഭിരുചി എന്നിവയ്ക്കനുസരിച്ച് ബുദ്ധന്റെ രൂപവും പ്രത്യക്ഷഭാവവും മാറി മാറി കാണുന്നു. ബുദ്ധന്റെ ഒരേയൊരു ലക്ഷ്യം ജനങ്ങളെ ധർമ്മത്തിന്റെ മാർഗ്ഗത്തിൽ നയിച്ച് മനുഷ്യജീവിതം സുഗമമാക്കുകയെന്നതാണ്.

മൂന്നു രൂപത്തിൽ സാധാരണജനങ്ങൾക്ക് പ്രത്യക്ഷനാകുന്ന ബുദ്ധൻ ജനങ്ങളെ രക്ഷിയ്ക്കുകയെന്ന ഒരേയൊരു ലക്ഷ്യത്തെ സക്ഷാത്ക്കരിക്കുന്നതിനുവേണ്ടിയാണ് ഭൂമിയിൽ അവതരിക്കുന്നത്.

എല്ലാ സാഹചര്യങ്ങളിലും ചുറ്റുപാടുകളിലും ബുദ്ധന്റെ അവതാരം പരിശുദ്ധിയെ പ്രതിനിധാനം ചെയ്യുന്നതായി നിർവചിച്ചുകാണുന്നു.

എന്നാൽ അത് ബുദ്ധനെ സംബന്ധിക്കുന്ന ഒരേയൊരു നിർവചനമായി കാണക്കാക്കപ്പെടരുത്. എന്തെന്നാൽ സാക്ഷാൽ ബുദ്ധൻ നിർവചനങ്ങൾക്ക് അതീതനാണ്. ബൗദ്ധം എല്ലാത്തിലും നിറഞ്ഞിരിയ്ക്കുന്നു, അത് നിർവ്വാണത്തെ അതിന്റെ ശരീരമായി മാറ്റിയിരിയ്ക്കുന്നു. അത്, സത്യം തിരിച്ചറിയുവാൻ ആഗ്രഹവും കഴിവുമുള്ള എല്ലാവരെയും സഹായിക്കുന്നു.

## II
## ഭഗവാൻ ബുദ്ധന്റെ പ്രത്യക്ഷീഭാവം

1. ബുദ്ധഭഗവാന്റെ അവതാരം ഈ ലോകത്തിൽ അസുലഭമായി സംഭവിക്കുന്ന ഒരു കാര്യമാണ്. ബുദ്ധാവതാരം മനുഷ്യനന്മയ്ക്കായി സംഭവിയ്ക്കുന്നതിനോടൊപ്പം അത് സാധാരണമനുഷ്യരെ ദുരിതപൂർണ്ണമായ ജീവിതത്തിൽ നിന്ന് രക്ഷിച്ച് ജ്ഞാനത്തിന്റെ വഴിയിലൂടെ നിർവ്വാണത്തിലേയ്ക്ക് നയിയ്ക്കുന്നു. അവതാര സമയത്തെ സാഹചര്യത്തിനനുസരിച്ച് ബുദ്ധോപദേശവും ബുദ്ധധർമവും പ്രചരിപ്പിക്കുകയും ജനങ്ങളെ വിവിധ മാർഗ്ഗങ്ങളിലൂടെ സഹായിയ്ക്കുകയും ചെയ്യുന്നു. മനുഷ്യരുടെ സാധാരണ സംശയങ്ങൾ ദൂരീകരിക്കുകയും , ദുരാഗ്രഹങ്ങൾക്കും അമിതമോഹങ്ങൾക്കും വശപ്പെടാവുന്ന അവരുടെ മനസ്സിനെ സംരക്ഷിച്ച് അവയുണ്ടാക്കവുന്ന വിഭ്രാന്തിയിൽനിന്ന് രക്ഷിയ്ക്കുവാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു. ഈ ലോകജീവിതം ഉണ്ടാക്കാവുന്ന എല്ലാ പ്രലോഭനങ്ങളിൽ നിന്നും ഒഴിഞ്ഞുമാറി ഭഗവാൻ എല്ലാത്തിന്റെയും അധിപനായി നമ്മോടൊപ്പം വസിക്കുന്നു. എല്ലാ പ്രശംസകൾക്കും അതീതവും എന്നാൽ ഉത്തമമായ പ്രശംസകൾക്ക് അർഹനുമാണ് അവതാരപുരുഷനായ ബുദ്ധൻ.

ക്ലേശങ്ങൾ നിറഞ്ഞ ഈ ലോകത്തിലേയ്ക്ക് അവതരിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യം ബുദ്ധഭഗവാന് ക്ലേശമനുഭവിക്കുന്നവരുടെമേലുള്ള നിസ്സീമമായ സ്നേഹമാണ്. അദ്ദേഹത്തിന്റെ പരമപ്രധാനമായ ഒരേ ഒരുലക്ഷ്യം തന്റെ ധർമ്മം പ്രചരിപ്പിയ്ക്കുകയും തന്മൂലം ദുഖമനുഭവിയ്ക്കുന്ന ജനങ്ങളെ രക്ഷിയ്ക്കുകയും ചെയ്യുകയെന്നതുമാത്രമാണ്.

അനീതിയുടെയും അക്രമങ്ങളുടെയും കൃത്രിമമൂല്യങ്ങളുടെയും വിഹാരരംഗമായ ഈ ലോകത്ത് ബുദ്ധധർമ്മമോ ഉപദേശങ്ങളോ പ്രചരിപ്പിക്കുകയെന്നത് തികച്ചും ശ്രമകരമായകാര്യമാണ്. ആ സാഹചര്യത്തിൽ ദുരാഗ്രഹങ്ങൾക്കും അവയുണ്ടാക്കുന്ന വൈഷമ്യങ്ങൾക്കും പാത്രമാകാതെ ഒരു മാതൃകാപുരുഷനായി ജീവിച്ചത് ഈ ലോകത്തിന്റെയും ഇവിടെ ജീവിയ്ക്കുന്ന ജനങ്ങളുടെയും ക്ഷേമത്തിനു വേണ്ടിയാണ്.

2. ബുദ്ധൻ എല്ലാവരുടെയും ഒരു നല്ല സുഹൃത്താണ്. എവിടെയെങ്കിലും

**ഭഗവാൻ ബുദ്ധന്റെ രൂപവും അദ്ദേഹത്തിന്റെ മഹത്വവും**

ആരെങ്കിലും അജ്ഞതയും അമിതാഗ്രഹവും മൂലമുണ്ടാകുന്ന ജീവിതദുരിതത്തിന്റെ കഠിനതയിൽ ദുഃഖിക്കുന്നതു കണ്ടാൽ ആ ഭാരം കുറയ്ക്കുന്നതിനായി ബുദ്ധകാരുണ്യം ഉയർത്തെഴുന്നേൽക്കുകയും, അല്ലെങ്കിൽ ആരെങ്കിലും മോഹത്തിന്റെ വിഭ്രാന്തിയിൽ മുഴുകി കഷ്ടപ്പെടുകയാണെങ്കിൽ അവരെ ആ മോഹാലസ്യത്തിൽ നിന്നുണർത്തി യാഥാർത്ഥലോകത്തെ വ്യക്തമായി കാണിച്ചുകൊടുക്കുകയും ചെയ്യുന്നു.

ഒരു പശുക്കുട്ടിയ്ക്ക് അതിന്റെ മാതാവായ പശുവിൽ നിന്നുകിട്ടുന്ന സംരക്ഷണം പോലെ ബുദ്ധോപദേശങ്ങളിൽ അനുനയിക്കപ്പെടുന്നവന് നിത്യമായ സംരക്ഷണവും സന്തോഷവും ലഭിക്കുന്നു, അതുപോലെ അവരെ ആ വചനങ്ങൾ ഒരിക്കലും അവനെ ഉപേക്ഷിക്കുകയില്ല.

3. എപ്പോൾ നിലാവ് അസ്തമിക്കുന്നുവോ അപ്പോൾ ജനങ്ങൾ പറയും നിലാവ് അസ്തമിച്ചുവെന്ന്; അതുപോലെ എപ്പോൾ നിലാവ് ഉദിക്കുന്നുവോ അപ്പോൾ ജനങ്ങൾ പറയും നിലാവ് ഉദിച്ചിരിക്കുന്നുവെന്ന്. എന്നാൽ യഥാർത്ഥത്തിൽ നിലാവ് ഉദിക്കുകയോ അസ്തമിക്കുകയോ ചെയ്യുന്നില്ല, അത് തുടർച്ചയായി എന്നും എപ്പോഴും പ്രകാശിച്ചുകൊണ്ടിരിയ്ക്കുന്നു. ബുദ്ധൻ ആ നിലാവിന് സമാനനാണ്, അസ്തമിക്കുകയോ ഉദിക്കുകയോ ചെയ്യുന്നില്ല. അദ്ദേഹം ജനനന്മയ്ക്കായി ജനിക്കുന്നതായും മരിക്കുന്നതായും കാണിക്കുന്നു. അതിനാൽ ഭൂമിയിലെ ജനങ്ങൾക്ക് പുതിയ പാഠങ്ങൾ കാലാനുസരണമായി പഠിക്കുവാനും ജീവിതത്തെക്കുറിച്ച് പുതിയ പാഠങ്ങൾ പഠിക്കുവാനും സാധിക്കുന്നു.

ജനങ്ങൾ നിലാവിന്റെ ഒരു മുഴുവനായ പ്രത്യക്ഷത്തെ നിലാവെന്നും മറ്റെരവസ്ഥയെ ചന്ദ്രക്കലയെന്നും വിളിയ്ക്കുന്നു; എന്നാൽ നിലാവിന് എപ്പോഴും ഗോളാകൃതിയാണുള്ളത്; അത് ഒരിക്കലും മാറുന്നില്ല. സാധാരണമനുഷ്യരുടെ ദൃഷ്ടിയിൽ പല ഭാവങ്ങളിലും രൂപങ്ങളിലും പ്രത്യക്ഷപ്പെടുന്നുവെങ്കിലും ബുദ്ധൻ ഗോളാകൃതിയിലുള്ള നിലാവിനെപ്പോലെയാണ്, യാതൊരു വിധത്തിലുള്ള അവസ്ഥാന്തരവും സംഭവിക്കാതെ തന്റെ തനതു സ്വഭാവത്തെ നിലനിർത്തുന്നു.

നിലാവ് എല്ലാസ്ഥലത്തും ഒരുപോലെ പ്രത്യക്ഷപ്പെടുന്നു: തിരക്കുള്ള നഗരത്തിലും,ഉറങ്ങിക്കിടക്കുന്ന ഗ്രാമത്തിലും, മലമുകളിലും, നദിയിടങ്ങളിലും, കായലിന്റെ അഗാധതയിലും, ഒരു പാത്രത്തിൽ പകർന്നുവെക്കുന്ന വെള്ളത്തിലും, ഒരു ഇലയുടെ തുമ്പത്തു തൂങ്ങികിടക്കുന്ന മഞ്ഞുതുള്ളി കണത്തിലും ആ നിലാവ് ഒരുപോലെ പ്രത്യക്ഷമാകുന്നു.

ഒരു മനുഷ്യൻ നൂറുകണക്കിന് മൈലുകൾ സഞ്ചരിച്ചാലും നിലാവ് അവന്റെകൂടെ സഞ്ചരിയ്ക്കുന്നു. മനുഷ്യർക്ക് നിലാവ്മാറുന്നതു പോലെ തോന്നുമെങ്കിലും അത് ഒരിക്കലും തന്റെ സ്ഥാനത്തുനിന്ന് മാറുന്നില്ല. ബുദ്ധൻ ചന്ദ്രനെപ്പോലെയാണ്. എല്ലാസമയത്തും ജനങ്ങളെ പിൻതുടർന്നുകൊണ്ടിരിക്കും, വിവിധ രൂപങ്ങളിലും ഭാവങ്ങളിലും ബുദ്ധൻ അവതരിച്ചുകൊണ്ടിരിയ്ക്കും എന്നാൽ നിലാവിനെപ്പോലെ തന്നെ ബുദ്ധന്റെ അന്തഃസത്തയും ഒരിക്കലും മാറുന്നില്ല.

4. ബുദ്ധാവതാരം എപ്പോൾ ലോകം കാംക്ഷിക്കുന്നുവോ അപ്പോൾ അത് സംഭവിയ്ക്കുന്നു അങ്ങനെയൊരു കാരണമെ ബുദ്ധാവതാരത്തിന് നല്കുവാൻ സാധിയ്ക്കുകയുള്ളു. ലോകനന്മയ്ക്കായി മാത്രമം സംഭവിക്കുന്ന ബുദ്ധന്റെ ഈ മനുഷ്യജന്മം, എപ്പോൾ തന്റെ ദൗത്യം നിറവേറ്റിയെന്ന് ബോധ്യപ്പെടുന്നുവോ അപ്പോൾ ഈ ലോകജീവിതത്തിൽ നിന്ന് വിരമിക്കുന്നു.

ബുദ്ധൻ അവതരിച്ചാലും ഇല്ലെങ്കിലും ബൗദ്ധം എന്നത് എന്നും നിലനിൽക്കുന്നു. ഇതു മനസ്സിലാക്കിക്കൊണ്ടുവേണം സ്ഥിരമായ വിവേചനാ ബുദ്ധിയും (പ്രജ്ഞയും) അതിലൂടെ നിർവ്വാണവും ആഗ്രഹിക്കുന്ന ഒരു വ്യക്തി തന്റെ പ്രവർത്തനപഥം തിരഞ്ഞെടുക്കുവാൻ. ബൗദ്ധമെന്നത് ജീവിതപന്ഥാവിൽ ഒരു മനുഷ്യൻ അഭിമുഖീകരിക്കേണ്ടിവരുന്ന ശ്രമകരങ്ങളായ മാനസികവും ആത്മീയവുമായ പ്രശ്നങ്ങളെ സുലഭമായി തരണം ചെയ്യുന്നതിന് അവനെ സഹായിയ്ക്കും.

പല ഗ്രന്ഥങ്ങളിലും ബൗദ്ധംമെന്നതിനെ നിർവ്വാണത്തിനു സമാനമായാണ് വിവരിച്ചു കാണുന്നത്. ബുദ്ധശരീരത്തെ ഒരു ചഷകത്തോടുപമിക്കാം. ആ ചഷകം നിർവ്വാണത്തിന്റെയും ജ്ഞാനത്തിന്റെയും അമൃതുകൊണ്ട് നിറഞ്ഞിരിയ്ക്കുന്നു. അതുകൊണ്ട് അതിനെ ബുദ്ധം എന്നുവിളിയ്ക്കാം. ആരെങ്കിലും ബുദ്ധന്റെ ഭൗതികശരീരവുമായി തന്നേ തന്നെ താരതമ്യം ചെയ്യുന്നുവോ അവൻ ബുദ്ധന്റെ തിരോധാനത്തെക്കുറിച്ച് വേവലാതിപ്പെട്ടുകൊണ്ടിരിയ്ക്കും. അവന് അതുകൊണ്ടുതന്നെ എന്നും നിത്യസത്യമായ ബുദ്ധനെ മനസ്സിലാക്കുവാൻ സാധിയ്ക്കുകയില്ല.

**ഭഗവാൻ ബുദ്ധന്റെ രൂപവും അദ്ദേഹത്തിന്റെ മഹത്വവും**

യഥാർത്ഥത്തിൽ ഭൂമിയിലുള്ള എല്ലാവസ്തുക്കളുടെയും പരിധി പ്രത്യക്ഷത്തിൽ കാണുന്നതിനെക്കാളും, വിവരിയ്ക്കുവാൻ സാധിയ്ക്കുന്നതിനേക്കാളും അപ്പുറത്താണ്. അത് പ്രത്യക്ഷത്തിനും അപ്രത്യക്ഷത്തിനും, വരവിനും പോക്കിനും, നല്ലതിനും ചീത്തയ്ക്കും അതീതമാണ്.

അതുപോലെ വ്യത്യാസങ്ങളാൽ നിശ്ചയിക്കുവാൻ സാധിയ്ക്കാത്ത തുല്യതയും സമാനതയും കാണിയ്ക്കുന്നു. അതിനെ മനസ്സിലാക്കാൻ ബുദ്ധശരീരത്തിന്റെ സവിശേഷതകൾ അറിയുന്നവനുമാത്രമെ സാധിയ്ക്കൂ.

## III
## ബുദ്ധന്റെ ഗുണമേന്മകൾ

1. അഞ്ചു ഗുണമേന്മകൾ സ്വായത്തമാക്കിയതുമൂലം ബുദ്ധൻ ലോകത്തിന്റെ ആദരവും മര്യാദയും അളവിനതീതമായി ഏറ്റുവാങ്ങിയിരിയ്ക്കുന്നു. അവ ഉത്തമമായ പെരുമാറ്റം; ഉന്നതമായ വീക്ഷണം, സ്ഥിരമായ വിവേചനാബുദ്ധി അഥവാ സ്ഥിരപ്രജ്ഞ; സംഭാഷണത്തികവ്; സ്വന്തം ഉപദേശങ്ങളിലൂടെ ജനങ്ങളെ നേർവഴിയ്ക്ക് നയിയ്ക്കുവാനുള്ള കഴിവ് തുടങ്ങിയവയാണ്.

അതിലുമുപരിയായി മറ്റ് എട്ടു മാർഗ്ഗങ്ങളിലൂടെ അദ്ദേഹം സാമാന്യജനങ്ങൾക്ക് നിത്യമായ സന്തോഷവും പ്രദാനം ചെയ്തു. ആ മാർഗ്ഗങ്ങളുടെ തികവിനെ ഇങ്ങനെ വിവരിക്കാം: തന്റെ ഉപദേശങ്ങളിലൂടെയും ആത്മീയമാർഗ്ഗങ്ങളിലൂടെയും ജനങ്ങൾക്ക് വേഗത്തിൽ നന്മയും സന്തോഷവും പ്രദാനം ചെയ്യുവാനുള്ള സാമർത്ഥ്യം; ശരിയേയും തെറ്റിനേയും വേഗത്തിൽ തിരിച്ചറിയുവാനുള്ള പ്രാപ്തി; ശരിയായ മാർഗ്ഗോപദേശത്തിലൂടെ മനുഷ്യരെ നിർവ്വാണ മാർഗ്ഗത്തിലേയ്ക്ക് നയിയ്ക്കുവനുള്ള കഴിവ്; തുല്യതയുടെയും സമാനതയുടെയും മാർഗ്ഗം കാണിച്ചുകൊടുക്കുവാനുള്ള ഉൾകാഴ്ച; അഹങ്കാരവും പൊങ്ങച്ചവും നിറഞ്ഞ സംഭാഷണം ഉപേക്ഷിയ്ക്കുവാനുള്ള ധൈര്യം; ഉപദേശംപോലെ പ്രവർത്തിയ്ക്കാനുമുള്ള ശേഷി; തന്റെ പ്രവർത്തികളെ വിലയിരുത്താനും അതിനെപ്പറ്റി സംസാരിക്കുവാനുമുള്ള സാമർത്ഥ്യം; അതുപോലെ തന്റെ കരുണയ്ക്കു പാത്രമാകുവാൻ ശ്രമിയ്ക്കുന്നവരോടുള്ള ആദരവും അവരെ സഹായിയ്ക്കാനുമുള്ള സന്മനസ്സ്, തുടങ്ങിയവയാണ്.

നിരന്തരമായ ധ്യാനത്തിലൂടെ ബുദ്ധൻ ശാന്തിയും സമാധാനവും സ്വയമാർജ്ജിച്ചു, അത് കാരുണ്യത്താൽ പ്രകാശിതവും, സ്നേഹത്താലും സന്തോഷത്താലും സമാനതയാലും പ്രശോഭിതവുമായിരുന്നു, എല്ലാ

മനുഷ്യരെയും തുല്യരായി കാണുവാനും അവരുടെ മനസ്സിൽ നിന്ന് അശുദ്ധചിന്തയേയും വികാരങ്ങളെയും മാറ്റി നിരന്തരമായ സുഖവും സന്തോഷവും നലകുവാനും അത് ഉപകരിച്ചു.

2. ബുദ്ധൻ ഈ ലോകർക്ക്, പ്രത്യേകിച്ച് ദുഃഖം അനുഭവിക്കുന്നവർക്ക്, മാതാവും പിതാവുമായിരിയ്ക്കുന്നു. ജനനം കഴിഞ്ഞ് ആദ്യ പതിനാറുമാസം കുട്ടിയോട് മാതാപിതാക്കൾ കുട്ടി യ്ക്കുമനസ്സിലാവുന്ന ശിശുഭാഷയിൽ സംസാരിയ്ക്കുന്നു; സാവധാനത്തിൽ അവനെ മുതിർന്നവരുടെ ഭാക്ഷ സംസാരിക്കാൻ പഠിപ്പിയ്ക്കുന്നു.. അതുപോലെ ബുദ്ധൻ ആദ്യം സാമാന്യജനങ്ങൾക്ക് വളരെ ശ്രദ്ധയോടെ കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കുന്നു. പിന്നീട് അവരെ സ്വന്തം വഴി തിരഞ്ഞെടുക്കുവാൻ പ്രേരിപ്പിയ്ക്കുന്നു. ആദ്യം അദ്ദേഹം വസ്തുക്കളെ ജനങ്ങളുടെ ഇഷ്ടത്തിനും താല്പര്യങ്ങൾക്കും അനുയോജ്യമായി കാണിച്ചുകൊടുക്കുന്നു, പിന്നീട് അവയുടെ പ്രലോഭനങ്ങളിൽ നിന്ന് രക്ഷപ്രാപിക്കുന്നതിനുള്ള മർഗ്ഗങ്ങൾ പഠിപ്പിച്ചുകൊടുത്ത് സുരക്ഷിതമായ ജീവിത പാതയിലേയ്ക്ക് അനുനയിച്ചു നടത്തുന്നു.

ഭഗവാൻ ബുദ്ധൻ തന്റെ സ്വസിദ്ധമായ ഭാഷയിൽ പറയുന്നകാര്യങ്ങൾ ജനങ്ങൾ അവർക്കു മനസ്സിലാകുന്ന രീതിയിൽ മനസ്സിലാക്കുന്നുവെങ്കിലും, അവയുടെ അത്ഭുതകരമായ ഉദ്ബോധനപാടവംമൂലം അവർക്ക് അത് സ്വന്തം ഹൃദയത്തിന്റെ ഭാഷയായി അനുഭവപ്പെടുന്നു, അത്ര ഹൃദയഹാരിയാണ് ബുദ്ധോപദേശങ്ങൾ.

മനുഷ്യമനസ്സിന്റെ പരിധികൾക്ക് അതീതമാണ് ബൗദ്ധത്തിന്റെ പരിധി. അതുകൊണ്ട് അതിനെ വാക്കുകൾകൊണ്ടോ ഉദാഹരണങ്ങൾകൊണ്ടോ വിവരിക്കുവാൻ ബുദ്ധിമുട്ടനുഭവപ്പെടും. അവ ഉപമകളിലൂടെ മാത്രം അനാവരണം ചെയ്യപ്പെടുന്നു.

ഗംഗാനദിയെ കുതിരകളുടെ കുളമ്പടികൾ കൊണ്ടോ ആനയുടെ നടത്തംകൊണ്ടോ കലക്കിമറിച്ച് അവിടെ ജീവിക്കുന്ന ജീവജാലങ്ങളെയും മറ്റും നശിപ്പിക്കുവൻ സാധിക്കും, പക്ഷെ ഗംഗാനദി ഈ കലുഷിതങ്ങളിലൊന്നും വഴിപ്പെടാതെ ശാന്തമായി ഒഴുകികൊണ്ടിരിക്കും

**ഭഗവാൻ ബുദ്ധന്റെ രൂപവും അദ്ദേഹത്തിന്റെ മഹത്വവും**

ബുദ്ധാൻ ഈ മഹാനദിയെപ്പോലെയാണ്. എന്തു മാറ്റങ്ങൾ കാലികമായോ സന്ദർഭവശാലോ സംഭവിച്ചാലും ബുദ്ധധർമ്മവും ബുദ്ധോപദേശങ്ങളും എപ്പോഴും നദിയുടെ ഒഴുക്കിനുതുല്യമായി എന്നും തുടർന്നുകൊണ്ടിരിക്കും.

3. വിവേചനാ ബുദ്ധിയിലും പ്രജ്ഞയിലും അധിഷ്ഠിതമായ ബുദ്ധചിന്ത തീവ്ര ചിന്തയേയും അതിന്റെ സാക്ഷാല്ക്കരണത്തിനായി കഠിനപ്രവർത്തികളേയും പ്രോത്സാഹിപ്പിയ്ക്കുന്നില്ല. പ്രത്യുത മിതമായ രീതികളെയും ചിന്താപദ്ധതികളെയും ആശ്രയിയ്ക്കുന്നു. ആ രീതികളെ വാക്കുകൾകൊണ്ട് വിവരിയ്ക്കുവാൻ പ്രയാസമാണ്. വിവേകശാലിയായ ബുദ്ധന് എല്ലാ മനുഷ്യരുടെയും ചിന്തകളും വികാരങ്ങളും വ്യക്തമായി മനസ്സിലാക്കുകയും, അവയുടെ നൈമിഷികാസ്ഥിത്വത്തെക്കുറിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാകുന്നു.

വാനിലുള്ള നക്ഷത്രങ്ങൾ ശാന്തമായ സമുദ്രത്തിൽ സ്വച്ഛന്ദം പ്രതിഫലിക്കുന്നതുപോലെ സാമാന്യജനങ്ങളുടെ വികാരങ്ങളും ചിന്തകളും ബുദ്ധന്റെ വിവേകബുദ്ധിയാകുന്ന മഹാസമുദ്രത്തിൽ പ്രതിഫലിയ്ക്കുന്നു. അതുകൊണ്ടാണ് ബുദ്ധനെ തികഞ്ഞ ജ്ഞാനിയെന്ന് വിളിക്കുന്നത്.

ഭഗവാൻ ബുദ്ധൻ പഠിപ്പിച്ച പ്രജ്ഞയുടെ മാർഗ്ഗം കലുഷിത മനസ്സുകളെ ശുദ്ധീകരിച്ച് അവയിൽ സത്ചിന്തയെ ഉദ്ദീപിപ്പിച്ച്, ലോകത്തിന്റെ അസ്ഥിത്വത്തിന്നാധാരമായ കാര്യകാരണ വ്യവസ്ഥ, ഭൗമവസ്തുക്കളുടെ നൈമിഷികത തുടങ്ങിയവ വ്യക്തമായി മനസ്സിലാക്കി കൊടുക്കുന്നു. യഥർത്ഥത്തിൽ ബുദ്ധപ്രജ്ഞയുടെ സഹായമില്ലാതെ എന്തെങ്കിലും കാര്യങ്ങൾ ആർക്കെങ്കിലും ചെയ്യുവാൻ സാധിക്കുമെന്നു തോന്നുന്നില്ല.

4. ബുദ്ധൻ ഒരിക്കലും സാധാരണമനുഷ്യരൂപവും കാരുണ്യഭാവവുമുള്ള ബുദ്ധനായി മാത്രം അവതരിയ്ക്കപ്പെടുന്നില്ല. ചില സമയങ്ങളിൽ ബുദ്ധൻ സാത്താനായി അവതരിയ്ക്കുന്നു, മറ്റുചിലപ്പോൾ സ്ത്രീയായും, ദേവനായും, രാജാവായും, നയതന്ത്രജ്ഞനായും, അഭിസാരികയായും, വേശ്യാഗൃഹത്തിന്റെ നടത്തിപ്പുകാരിയായും, ചൂതാട്ടക്കളരിയുടെ കാവൽക്കാരനായിപോലും സന്ദോർഭോചിതമായി മനുഷ്യജന്മം സ്വീകരിക്കുന്നു.

ഭഗവാൻ പകർച്ചവ്യാധി പടരുന്ന ഒരു പ്രദേശത്ത് ഒരു ഭിഷഗ്വരനായും, യുദ്ധക്കളത്തിൽ ഒരു സമാധാന പ്രവാചകനായി ദുഃഖമനുഭവിക്കുന്നവരെ സമാധാനിപ്പിയ്ക്കുകയും; ലോകത്തിനും അവയിലുള്ള വസ്തുക്കൾക്കും സർവചരാചരങ്ങൾക്കും നിത്യമായ സ്ഥിതിയുണ്ടെന്ന് വിഭാവനം ചെയ്യുന്നവരോട് ഈ ലോകത്തിന്റെ യഥാർത്ഥ അവസ്ഥ നൈമിഷികമാണെന്നും അതിനെ വിവരിയ്ക്കുന്നത് ദുഷ്കരമായ കാര്യമാണെന്നുമുള്ളവസ്തുത, സുവ്യക്തമായി വെളിപ്പെടുത്തിക്കൊടുക്കുന്നു. അതുമാത്രമല്ല അഹങ്കാരത്താലും തന്നിഷ്ടത്താലും ജീവിതം നയിയ്ക്കുന്നവരോട് എളിമയുടെയും ത്യാഗത്തിന്റെയും മാർഗ്ഗം ഉപദേശിക്കുന്നു.; ആര് ജീവിതത്തിന്റെ സുഖഭോഗങ്ങളിൽ മാത്രം ശ്രദ്ധകേന്ദ്രീകരിച്ച് ജീവിക്കുന്നുവോ അവരോട് ജീവിതത്തിൽ ദുഃഖാവസ്ഥക്കുള്ള കാരണത്തെപ്പറ്റിയും അതുണ്ടാക്കാവുന്ന കഠിനവേദനയെപ്പറ്റിയും കൃത്യമായി വിവരിച്ചു കൊടുക്കുന്നു.

ബുദ്ധന്റെ പ്രവൃത്തികൾ നിയന്ത്രിയ്ക്കുന്നത് ബുദ്ധധർമശരീരത്തിന്റെ ആശയങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ്, അതാണ് ബുദ്ധന്റെ പരമമായ അവസ്ഥ. അതുകൊണ്ട് അതിൽ നിന്ന് കരുണയും സ്നേഹവും നിത്യമായി പ്രവഹിച്ചുകൊണ്ടിരിക്കും.

5. ഈ ലോകം കത്തിക്കൊണ്ടിരിക്കുന്ന ഒരു വീടുപോലെയാണ് . അത് എപ്പോഴും നശിച്ചുകൊണ്ടിരിയ്ക്കുകയും, തുടർന്ന് അതുപോലെ പുനർനിർമ്മാണം ചെയ്തുകൊണ്ടിരിയ്ക്കുകയും ചെയ്യുന്നു. നശിപ്പിക്കപ്പെടുന്നതും തുടർന്ന് അതുപോലെതന്നെ പുനർനിർമ്മാണം ചെയ്യപ്പെടുന്നതുമാണ് ജീവിതത്തിന്റെ ഒരവസ്ഥ. സാധാരണമനുഷ്യർ അജ്ഞതയിൽ മുഴുകിയുള്ള വിഭ്രാന്തിയിൽ ദേഷ്യത്തിനും, വൈരാഗ്യത്തിനും, അസൂയയ്ക്കും, തൃഷ്ണയ്ക്കും വശംവദരാകുന്നു. അവർ അമ്മയുടെ സ്നേഹം തേടുന്ന കുട്ടികളെപ്പോലെയാണ്. അതുകൊണ്ട് മാതൃസ്നേഹത്തിനു തുല്യമായ ബുദ്ധന്റെ കാരുണ്യവും സ്നേഹവും എല്ലാവർക്കും അത്യന്താപേക്ഷിതമാണ്.

ബുദ്ധൻ എല്ലാവർക്കും ഒരു പിതാവിനെപ്പോലെയാണ്, അതുപോലെ എല്ലാമനുഷ്യരും അദ്ദേഹത്തിന് സ്വന്തം പുത്രന്മാരെപ്പോലെയാണ്. എല്ലാ ദിവ്യപുരുഷന്മാരെക്കാളും ദിവ്യനാണ് ബുദ്ധൻ. ഈ ലോകം മരണത്തിന്റെയും അനാഥത്വത്തിന്റെയും തീച്ചൂളയിൽ വെന്തുകൊണ്ടിരിയ്ക്കുകയാണ്, എല്ലായിടങ്ങളിലും ദുഃഖവും വേദനയും മാത്രമാണ് അവശേഷിയ്ക്കുന്നത്. ജീവിതത്തിൽ നിത്യസുഖങ്ങളെത്തേടി അലയുന്ന മനുഷ്യർ അത് പൂർണ്ണതയിൽ കിട്ടാതെ വളരെ കഷ്ടപ്പെടുന്നു.

**ഭഗവാൻ ബുദ്ധന്റെ രൂപവും അദ്ദേഹത്തിന്റെ മഹത്വവും**

ഭഗവാൻ ബുദ്ധൻ ഈ ലോകത്തെ ഒരു അനിത്യമായ മായയായി ചിത്രീകരിച്ചുവെങ്കിലും, അത് ഒരു കത്തിക്കൊണ്ടിരിയ്ക്കുന്ന ഭവനമായിട്ടാണ് അദ്ദേഹത്തിനനുഭവപ്പെട്ടത്. അതുകൊണ്ട് ഈ ലോകത്തിൽ കിട്ടാവുന്ന സുഖങ്ങളെല്ലാം വെടിഞ്ഞ് അദ്ദേഹം ഒരു ശാന്തമായ വനത്തിൽ അഭയം തേടി. അവിടെനിന്ന് സ്വയമാർജ്ജിച്ച കാരുണ്യം നിറഞ്ഞസ്നേഹത്താൽ ദുഃഖത്തിലുഴലുന്ന നമ്മോട് സംസാരിയ്ക്കുന്നു: ''നിത്യവും മാറിക്കൊണ്ടിരിക്കുന്ന ഈ ലോകവും അതിലെ ദുഃഖവും എനിയ്ക്കുള്ളതാണ്; എല്ലാ അജ്ഞരും അശരണരുമായ ജനങ്ങൾ എന്റെ കുട്ടികളാണ്. എനിയ്ക്കുമാത്രമെ ഇവരെ ഈ ദുഃഖത്തിൽ നിന്നും മായയിൽ നിന്നും രക്ഷപെടുത്തുവാൻ സാധിയ്ക്കുകയുള്ളൂ. ''

ബുദ്ധൻ ബുദ്ധധർമ്മത്തിന്റെ അധിപനായതിനാൽ അദ്ദേഹത്തിന് ഏതുവിധത്തിലും സ്വ ഇച്ഛ പ്രകാരം ജനങ്ങളെ പഠിയ്പ്പിയ്ക്കുവാൻ സാധിക്കും. ഭഗവാൻ ബുദ്ധൻ ഈ ലോകത്തിൽ അവതരിയ്ക്കുന്നത് സാമാന്യജനങ്ങളെ അനുഗ്രഹിയ്ക്കുന്നതിനുവേണ്ടിയാണ് . അവരെ ബുദ്ധധർമ്മോപദേശത്തിലൂടെ ജനങ്ങളെ സേവിയ്ക്കുവാൻ മുൻപോട്ടുവന്നാലും ജനങ്ങൾ അതിന്റെ ഗുണം മനസ്സിലാക്കാതെ അഹങ്കാരത്തിന്റെയും അസൂയയുടെയും പ്രേരണയിൽ മതിമറന്ന് ഉപദേശങ്ങളുടെ പൊരുൾ മനസ്സിലാക്കാതെ തന്നിഷ്ടപ്രകാരം ജീവിയ്ക്കുന്നു.

പക്ഷെ അദ്ദേഹത്തിന്റെ ഉപദേശങ്ങൾ സശ്രദ്ധം ശ്രവിക്കുന്നവർ അജ്ഞതയിൽ നിന്നും ജീവിതദുഃഖങ്ങളിൽ നിന്നും രക്ഷപ്രാപിയ്ക്കുന്നു. ജീവിതദുഃഖങ്ങളുടെ പൊരുൾ മനസ്സിലാക്കി അതിനനുസരണമായി ഉരുവാക്കിയിട്ടുള്ള ബുദ്ധോപദേശങ്ങൾക്ക് അദൃശ്യമായ ശക്തിയുണ്ട്: '' ആർക്കും ഈ ലോകവ്യഥകളിൽ നിന്ന് സ്വന്തം ബുദ്ധികൊണ്ടും കഴിവുകൊണ്ടുംമാത്രം രക്ഷപ്രാപിയ്ക്കുവാൻ സാധിയ്ക്കുകയില്ല, എന്നാൽ എന്റെ ഉപദേശങ്ങളുടെ അന്തഃസത്തയിലും പൊരുളിലും വിശ്വാസമർപ്പിക്കുന്നവർക്ക് അത് സാധ്യമാണ്.'' അതുകൊണ്ട് മനുഷ്യർ ബുദ്ധവചനങ്ങൾ ശ്രവിയ്ക്കുകയും അവയെ ജീവിതത്തിൽ പ്രാവർത്തികമാക്കുകയും വേണം.